# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയിരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ:** dopta.ksad@kerala.gov.in
**ഫോൺ :** 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PTA P8-1066/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 10/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PTA P8-1066/2023 തീയ്യതി: 10/11/2023

# പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-09-2023 | 30-09-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി അനിത കുറുപ്പ് | പ്രസിഡന്റ് | 01-04-2022 | 29-01-2023 |
| ശ്രീമതി അമ്പിളി പ്രഭാകരൻ | പ്രസിഡന്റ് | 30-01-2023 | 31-03-2023 |
| ശ്രീ സനൽ കുമാർ ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജയൻ ഡി. നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി അനിത വി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി സുജ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( സർക്കിൾ I) | 01-04-2022 | 25-07-2022 |
| ശ്രീ. മിതുൽ ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ I) | 01-04-2022 | 31-03-2023 |
| ശ്രീ. സന്ദീപ് കുമാർ സി.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ II) | 01-04-2022 | 31-03-2023 |
| ശ്രീമതി വിദ്യാ എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. രാജേഷി പി. | മെഡിക്കൽ ഓഫീസർ (കുടുംബ ആരോഗ്യകേന്ദ്രം) | 01-04-2022 | 31-03-2023 |
| ഡോ ബിന്നി ബി . | മെഡിക്കൽ ഓഫീസർ-ഇൻ ചാരജ്ജ് (ഹോമിയോ) | 01-04-2022 | 18-06-2022 |
| ഡോ. സുധാരത്നം പി. സി. | മെഡിക്കൽ ഓഫീസർ-ഇൻ ചാരജ്ജ് (ഹോമിയോ) | 19-06-2022 | 31-03-2023 |
| ഡോ. ജോർജ് വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (വെറ്റിനറി) | 01-04-2022 | 31-03-2023 |
| കുമാരി സ്വാതി ചന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനുപമ പി ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ ജെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-01-2023 |
| ശ്രീമതി രഞ്ജിനി പി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 04-01-2023 | 30-01-2023 |
| ശ്രീമതി ശില്പാ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 31-01-2023 | 31-03-2023 |
| ശ്രീമതി ധന്യ എ. | കൃഷി ഓഫീസർ | 01-04-2022 | 07-08-2022 |
| ശ്രീമതി മീന മേരി മാത്യു | കൃഷി ഓഫീസർ | 08-08-2022 | 09-10-2022 |
| ശ്രീമതി ധന്യ എ. | കൃഷി ഓഫീസർ | 10-10-2022 | 31-03-2023 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | ആസ്തികളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-6 |
| 8 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ- അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-8 |
| 10 | പ്രതിമാസ ബാങ്ക് റീകൺസിലീയേഷൻ പത്രിക തയ്യാറാക്കുന്നില്ല | 1-1-9 |
| 11 | സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- രജിസ്റ്റർ അപൂർണ്ണം | 1-1-10 |
| 12 | ടോട്ടൽ സാനിട്ടേഷൻ ക്യാംപെയ്ൻ- നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല | 1-1-11 |
| 13 | ശബരിമല സ്പെഷ്യൽ ഗ്രാന്റ്-അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-12 |
| 14 | ബയോഡൈവേഴ്സിറ്റി ഫണ്ട് - അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-13 |
| 15 | ലൈഫ് ലോൺ- നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല | 1-1-14 |
| 16 | ഡെപ്പോസിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ പൂർണ്ണമല്ല | 1-1-15 |
| 17 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്- വരവ്, നീക്കിയിരിപ്പ് കൃത്യമല്ല | 1-1-16 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-ഒടുക്കുവാനുള്ള തുക ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-17 |
| 19 | അഡ്വാൻസ് കളക്ഷൻ- കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-18 |
| 20 | സ്ഥിരനിക്ഷേപം- നീക്കിയിരുപ്പ് അക്കൗണ്ട് ചെയ്തത് കൃത്യമല്ല | 1-1-19 |
| 21 | വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | റിഡംഷൻ തുക തിരികെ ലഭിക്കാനുള്ളത് അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല | 1-1-21 |
| 23 | മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല | 1-1-22 |
| 24 | ജി.ഒ പ്രോജക്ടിന്റെ ചെലവ് രേഖപ്പെടുത്തിയത് കൃത്യമല്ല | 1-1-23 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് കെ.എസ്.ഇ.ബിയ്ക്ക് നൽകിയ തുക മുൻകൂറായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-24 |
| 26 | ബജറ്റ് | 1-2 |
| 27 | സാമ്പത്തിക നില | 1-3 |
| 28 | ഗ്രാന്റ് വിനിയോഗം | 1-4 |
| 29 | പദ്ധതി അവലോകനം | 1-5 |
| 30 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 31 | ക്ഷേമപെൻഷൻ | 1-7 |
| 32 | ക്യാഷ് പരിശോധന | 1-8 |
| 33 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 34 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 35 | തനതു വിഭവ സമാഹരണം | 1-11 |
| 36 | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല | 1-12 |

| | | |
|---|---|---|
| 37 | കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിശ്ചയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു | 1-13 |
| 38 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 39 | ആംബുലൻസ് വാടകയിനത്തിൽ ലഭിക്കുന്ന തുക കൈവശം സൂക്ഷിക്കുന്നു | 1-15 |
| 40 | ലേല നടപടികളിലെ അപാകതകൾ | 1-16 |
| 41 | വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17 |
| 42 | വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ ശേഷിക്കുന്നത് 59 ലക്ഷം രൂപ | 1-18 |
| 43 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല | 1-19 |
| 44 | മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 45 | നടപ്പാകാത്ത കുടിവെള്ള പദ്ധതികൾ- 43.35 ലക്ഷം രൂപ തിരികെ വാങ്ങാൻ നടപടിയില്ല | 1-21 |
| 46 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ രേഖകളില്ല | 1-22 |
| 47 | 42.96 ലക്ഷം രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തില്ല | 1-23 |
| 48 | കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല – കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല | 1-24 |
| 49 | മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി കരാറുകാരന് ബിൽ തുക നൽകി | 1-25 |
| 50 | അങ്കണവാടി മെയിന്റനൻസ് – പ്രവൃത്തി നിർവ്വഹണത്തിൽ അപാകം | 1-26 |
| 51 | 'ബ്രേക്കായി' അയിരൂരിലെ ടേക്ക്-എ-ബ്രേക്ക്; 9.79 ലക്ഷം രൂപയുടെ പദ്ധതി മുടങ്ങികിടക്കുന്നു | 1-27 |
| 52 | ടേക്ക്-എ-ബ്രേക്ക് നിർമ്മാണം – ആദായ നികുതി ഈടാക്കിയതിൽ കുറവ് | 1-28 |
| 53 | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി | 1-29 |
| 54 | സബ്സിഡി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല | 1-30 |
| 55 | തുക നിക്ഷേപിച്ചു - മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല | 1-31 |
| 56 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം - ചെറുകിട, നാമമാത്ര കർഷകർക്ക് അർഹമായ സബ്സിഡി മത സ്ഥാപനത്തിന് വിതരണം ചെയ്തു | 1-32 |
| 57 | കരാർ കാലയളവിനുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല | 1-33 |
| 58 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അപാകങ്ങൾ | 1-34 |
| 59 | പരേതരുടെ പേരിൽ ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നു. | 1-35 |
| 60 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല; പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാനുള്ളത് 1.13ലക്ഷം രൂപ | 1-36 |
| 61 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കു വരുത്തിയില്ല | 1-37 |
| 62 | തെറ്റായ ബാങ്ക് അക്കൗണ്ടിൽ തുക ഒടുക്കി- വാട്ടർ ചാർജ് കുടിശ്ശിക കുറവ് ചെയ്യാനുള്ളത് 49.96 ലക്ഷം രൂപ | 1-38 |
| 63 | വാഹനത്തിന്റെ ഉപയോഗം- അപാകതകൾ | 1-39 |
| 64 | മാനവ മൈത്രി ചതയ ജലോത്സവം-പ്രോജക്ട് ചെലവിന് സർക്കാർ അനുമതി ലഭ്യമായില്ല | 1-40 |
| 65 | പൊതുടാപ്പുകളുടെ വെള്ളക്കരം- ബാധ്യത 1.7കോടി രൂപ | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം - ചെറുകിട, നാമമാത്ര കർഷകർക്ക് അർഹമായ സബ്സിഡി മത സ്ഥാപനത്തിന് വിതരണം ചെയ്തു | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27/07/23-ലെ 2(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെൻറ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെൻറിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ
10/11/2023 — ജില്ലാ ഓഡിറ്റ് കാര്യാലയം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെൻറ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 747466 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 925032 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെൻറിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന

മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരിക രേഖകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-1-6 ആസ്തികളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയതിൽ വ്യത്യാസം

കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. 2021-22 വർഷത്തെ വാർഷിക കണക്കിൽ 410300399 -Other Construction എന്ന ഹെഡിൽ 8898501 രൂപ അക്കൗണ്ട് ചെയ്തിരുന്നു. എന്നാൽ 2022-23 വർഷം ILGMS അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിൽ ഈ തുക മുന്നിരിപ്പായി അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-7 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ- അക്കൗണ്ടിംഗ് കൃത്യമല്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ ബന്ധപ്പെട്ട കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് അക്കൗണ്ട് ചെയ്യാതെ റവന്യൂ ചെലവായി അക്കൗണ്ട് ചെയ്

## 1-1-8 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡന്റിന്റേയും പേരിൽ വാതിൽപ്പടി സേവനം എന്ന പ്രോജക്ടിനായി ഫെഡറൽ ബാങ്കിൽ 12600100107252നം അക്കൗണ്ട് ആരംഭിക്കുകയും 02/12/22ന് 2600 രൂപയും 21/12/22-ന് 2000 രൂപയും നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ഷെഡ്യൂൾ B17, ഷെഡ്യൂൾ RP-40(B) എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-9 പ്രതിമാസ ബാങ്ക് റീകൺസിലീയേഷൻ പത്രിക തയ്യാറാക്കുന്നില്ല

പ്രതിമാസം റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല. തനത് ഫണ്ട് നിക്ഷേപിക്കുന്ന ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട്, ഇ-പേയ്മെന്റ് അക്കൗണ്ട് എന്നിവ 31/03/23-ന് ശേഷം ഓഡിറ്റ് തീയതി വരെയും ബാങ്ക് ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

## 1-1-10 സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- രജിസ്റ്റർ അപൂർണ്ണം

ഷെഡ്യൂൾ ബി4 പ്രകാരമുള്ള ഗ്രാന്റുകളുടെ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് സംബന്ധിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-11 ടോട്ടൽ സാനിട്ടേഷൻ ക്യാംപെയ്ൻ- നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല

ബി4 ഷെഡ്യൂൾ പ്രകാരമുള്ള ടോട്ടൽ സാനിട്ടേഷൻ ക്യാംപെയ്ൻ(320100181) എന്ന ഹെഡിന്റെ നീക്കിയിരിപ്പ് കൃത്യമല്ല. ആരോഗ്യജാഗ്രതാ പദ്ധതിയ്ക്കായി വരവ് വന്ന 160000 രൂപ ഈ ഹെഡിൽ ജേണൽ എൻട്രി ചെയ്തുവെങ്കിലും ചെലവ് രേഖപ്പെടുത്താത്തതിനാൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

## 1-1-12 ശബരിമല സ്പെഷ്യൽ ഗ്രാന്റ്-അക്കൗണ്ടിംഗ് കൃത്യമല്ല

ബി4 ഷെഡ്യൂൾ പ്രകാരം ശബരിമല സ്പെഷ്യൽ ഗ്രാന്റ് (320200112) എന്ന ഹെഡിന്റെ നീക്കിയിരിപ്പ് കൃത്യമല്ല. ശബരിമല ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം വരവ് വന്ന 457000 രൂപ 320200399 എന്ന തെറ്റായ ഹെഡിൽ വരവ് ചെയ്തു. ശബരിമല ഫണ്ടിൽ നിന്നും 405855 രൂപ തൻ വർഷം പ്രോജക്ട് ചെലവുണ്ടെങ്കിലും 330751 രൂപയാണ് ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## 1-1-13 ബയോഡൈവേഴ്സിറ്റി ഫണ്ട് - അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ B4- ബയോഡൈവേഴ്സിറ്റി പ്രോജക്ടിനായി ലഭിച്ച സ്പെഷ്യൽ ഗ്രാന്റ് Grant For Solid Waste Management(320200319) എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഈ ഗ്രാന്റിൽ നിന്നുള്ള ചെലവ് ജേണൽ എൻട്രി ചെയ്യാത്തതിനാൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. മുന്നിരിപ്പ് തന്നെ നീക്കിയിരിപ്പായും കാണിച്ചിരിക്കുന്നു

## 1-1-14 ലൈഫ് ലോൺ- നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല

ഷെഡ്യൂൾ B5:-ലൈഫ് ലോൺ നീക്കിയിരിപ്പ്(2320533) കാണിച്ചിരിക്കുന്നത് കൃത്യമല്ല. യഥാർത്ഥ നീക്കിയിരിപ്പ് 1504116 രൂപയാണ്. ലോൺ മുന്നിരിപ്പ് രേഖപ്പെടുത്തിയിരുന്നത് കൃത്യമല്ലാത്തതിനാലാണ് നീക്കിയിരിപ്പിലും വ്യത്യാസമുണ്ടായത്.

## 1-1-15 ഡെപ്പോസിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ പൂർണ്ണമല്ല

ഷെഡ്യൂൾ B-7:- ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ഇനത്തിലുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-16 കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്- വരവ്, നീക്കിയിരിപ്പ് കൃത്യമല്ല

കമ്മ്യൂണിറ്റി സബ്സെന്ററുകളുടെ വയറിംഗ് എന്ന പ്രോജക്ടിന്റെ കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 12500 രൂപ ഒടുക്കേണ്ടിയിരുന്നു. ടിയാൻ 6250 രൂപ രസീത് പ്രകാരം ഒടുക്കുകയും ടി പ്രവൃത്തിയുടെ ഇ.എം.ഡി ഇനത്തിൽ ഒടുക്കിയ 6250 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആക്കി മാറ്റാൻ അപേക്ഷ നൽകുകയും ചെയ്തിരുന്നു. ഇതനുസരിച്ച് ഡെപ്പോസിറ്റ് അക്കൗണ്ട് ക്രമീകരിക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചിരുന്നുവെങ്കിലും കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹെഡിൽ 6250 രൂപ മാത്രമാണ് വരവും നീക്കിയിരിപ്പുമുള്ളത്.

## 1-1-17 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-ഒടുക്കുവാനുള്ള തുക ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള 104585 രൂപ ബി9 ഷെഡ്യൂളിൽ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-18 അഡ്വാൻസ് കളക്ഷൻ- കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

## 1-1-19 സ്ഥിരനിക്ഷേപം- നീക്കിയിരുപ്പ് അക്കൗണ്ട് ചെയ്തത് കൃത്യമല്ല

ഷെഡ്യൂൾ ബി12:- പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, അയിരൂർ ശാഖയിലുള്ള സ്ഥിരനിക്ഷേപം നീക്കിയിരുപ്പ് 172377രൂപയാണ്. വാർഷിക കണക്കിൽ 165839 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-20 വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-21 റിഡംഷൻ തുക തിരികെ ലഭിക്കാനുള്ളത് അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല

ഷെഡ്യൂൾ B-15:- തനത് ഫണ്ട്, സംയുക്ത പദ്ധതി ഫണ്ട് എന്നിവ നിക്ഷേപിക്കുന്ന ട്രഷറി അക്കൗണ്ടിൽ നിന്നും ധനകാര്യ വകുപ്പ് കുറവ് ചെയ്ത തുക (Redumption)തിരികെ ലഭിക്കാനുള്ളത് അക്കൗണ്ട് ചെയ്തിരിക്കുന്നത്(2954251) കൃത്യമല്ല. 2359444രൂപയാണ് കുറവ് ചെയ്തത്. ഈ ഹെഡിൽ മുന്നിരിപ്പ് കാണിച്ചിരുന്ന തുക തിരികെ ലഭിച്ചുവെങ്കിലും കൃത്യമായി ക്രമീകരിച്ചിട്ടില്ല.

## 1-1-22 മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല

ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി - 5894304

കെ.എസ്.ഇ.ബി. - 4242457

ഭൂജല വകുപ്പ് – 275029
പൊതുമരാമത്ത് വകുപ്പ്-152942

## 1-1-23 ജി.ഒ പ്രോജക്ടിന്റെ ചെലവ് രേഖപ്പെടുത്തിയത് കൃത്യമല്ല

ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി. ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 196371 രൂപ പൊതു വിഭാഗം ഫണ്ടിന്റെ ചെലവായാണ് സുലേഖ/സാംഖ്യ സോഫ്റ്റ്‌വെയറുകളിൽ രേഖപ്പെടുത്തിയത്. ഇതുമൂലം വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി.) എന്നിവയുടെ ചെലവ് അക്കൗണ്ട് ചെയ്തത് കൃത്യമല്ല.

## 1-1-24 ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് കെ.എസ്.ഇ.ബിയ്ക്ക് നൽകിയ തുക മുൻകൂറായി അക്കൗണ്ട് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ നവീകരിച്ച റോഡുകളിൽ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും 96506 രൂപ കെ.എസ്.ഇ.ബി-യ്ക്ക് മുൻകൂറായി കൈമാറുകയും ചെയ്തിട്ടുണ്ട്(ബിൽ റഫറൻസ് നം. 20999/01.02.23, 6896/12.12.2022). ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി-യും തമ്മിലുള്ള കരാർ ഉടമ്പടി പ്രകാരം ഈ പ്രവൃത്തി 2023 ഫെബ്രുവരി 28-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിൽ ഈ തുക കെ.എസ്.ഇ.ബി-യ്ക്കുള്ള മുൻകൂറായി അക്കൗണ്ട് ചെയ്തിട്ടുമില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 24.03.2023-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് 15668888 രൂപയും വരവ് 49742754 രൂപയും ചെലവ് 53689344 രൂപയും നീക്കിയിരിപ്പ് 11722298 രൂപയുമാണ്.

## 1-3 സാമ്പത്തിക നില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 17506403 | |
| ഓഡിറ്റ് വർഷത്തെ വരവ് | 28937537 | 109174701 |
| ആകെ വരവ് | 46443940 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28190071 | 110723435 |
| | | |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 18253869 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്(അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15309000 | 15309000 | 13030195 | 2278805 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2755000 | 2755000 | 2322743 | 432257 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2056167 | 3993000 | 6049167 | 3854202 | 2194965 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ക്യാരി ഓവർ വിഹിതം | 0 | 1169728 | 1169728 | 579170 | 590558 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 208372 | 2778290 | 2986662 | 1374510 | 1612152 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്), ക്യാരി ഓവർ വിഹിതം | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 7899000 | 7899000 | 5414900 | 2484100 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 5183000 | 5183000 | 3899577 | 1283423 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 963264 | 457000 | 1420264 | 400741 | 1019523 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1427500 | 0 | 1427500 | 305680 | 1121820 |
| ശുചിത്വമിഷൻ ഗ്രാന്റ്-പ്രീമൺസൂൺ ക്യാംപേയ്ൻ | 0 | 160000 | 160000 | 160000 | 0 |
| ബയോഡൈവേഴ്സിറ്റി ഗ്രാന്റ് | 1339626 | 20920 | 1360546 | 299685 | 1060861 |
| സാക്ഷരത | 122384 | 0 | 122384 | 0 | 122384 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 226777 | 16854075 | 17080852 | 16099075 | 981777 |
| ഐ.സി.ഡി.എസ്. | 323675 | 741026 | 1064701 | 275087 | 789614 |
| പൈക്ക ഗ്രാന്റ് | 30552 | 0 | 30552 | 0 | 30552 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- അപാകതകൾ

ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി. ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 196371 രൂപ പൊതു വിഭാഗം ഫണ്ടിന്റെ ചെലവായാണ് സുലേഖയിൽ രേഖപ്പെടുത്തിയത്. ഇതുമൂലം സുലേഖ സോഫ്റ്റ്‌വെയർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി.) എന്നിവയുടെ ചെലവ് കൃത്യമല്ല.

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 196 | **69958842** | 142 | **36207151** | 54 | 52% |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 3680350 | 1614425 |
| വെറ്ററിനറി സർജൻ | 6 | 6 | 930000 | 898974 |
| മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി | 8 | 7 | 1928245 | 1707723 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 |
| സബ് ഇൻസ്പെക്ടർ -ഫിഷറീസ് | 1 | 1 | 220000 | 88000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 12 | 8 | 15904122 | 5050000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 16 | 5 | 4347387 | 525521 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 8 | 6 | 4822040 | 2964621 |
| പ്രധാന അദ്ധ്യാപിക | 9 | 4 | 1610110 | 1064095 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1225000 | 925000 |
| സെക്രട്ടറി | 40 | 30 | 10949609 | 7867481 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 1265335 | 1017831 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 78 | 59 | 22976644 | 12383480 |
| ആകെ | **196** | **142** | **69958842** | **36207151** |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ്, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക എന്നിവ ഉൾപ്പടെ | 226777 | 16854075 | 17080852 | 16099075 | 981777 |

ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന 981777 രൂപ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷൻ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2600 | 37358000 |
| വിധവാ പെൻഷൻ | 860 | 13522500 |
| കർഷക തൊഴിലാളി പെൻഷൻ | 187 | 3053800 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 305 | 4668000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 29 | 459800 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 23.09.2023 -ന് ഉച്ചയ്ക്ക് ശേഷം 3.30-ന് ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 36,130 (മുപ്പത്താറായിരത്തി ഒരുനൂറ്റി മുപ്പത് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.
പഞ്ചായത്ത് യോഗനടപടിക്കുറുപ്പുകളുടെ നക്കൽ യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി അംഗീകരിച്ച് സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും, സെക്രട്ടറി ഉടൻതന്നെ അത് സകർമ്മ അപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്.
. ഗ്രാമപഞ്ചായത്ത് വക വാഹനങ്ങളുടെ ഉപയോഗം നിരീക്ഷിക്കുന്നതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമല്ല.

. ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദിത്തപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

. തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

. പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

. പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

. ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

. അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

. ട്രേഡ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

. ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകേണ്ടതാണ്.

. പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.

. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.

. മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.

. ആമ്പുലൻസ് വാടക കഴിവതും അതാത് ദിവസം തന്നെ അതിനു സാദ്ധ്യമല്ലെങ്കിൽ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും ഇതു സംബന്ധിച്ച് വരവ്-ചെലവുകളുടെ കൃത്യമായ മേൽനോട്ടം ഉദ്യോഗസ്ഥ തലത്തിൽ നടപ്പിലാക്കേണ്ടതുമാണ്.

. വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.

. സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജി.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

. പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

. ലേലരജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും ലേല തുകകളും ഓരോ ലേലത്തേതിനും അനുസൃതമായി അടവാക്കേണ്ട സെസ്സ് തുകകളും അടവാക്കിയതിന്റെ വിവരം രസീത് നമ്പർ സഹിതം രേഖപ്പെടുത്തേണ്ടതാണ്.

. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.

. ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ച, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2017 മുതൽ 06.12.2017 വരെ | 2013-14 മുതൽ 2016-17 വരെ | 17.01.2018 |
| പെർഫോമൻസ് ഓഡിറ്റ് | 15.6.2022 മുതൽ 16.6.2022 വരെ | 1/2022 മുതൽ 3/2022 വരെ | 26.11.2022 |

## 1-11 തനതു വിഭവ സമാഹരണം

**ഗ്രാമപ്പഞ്ചായത്തിന്റെ തനതു വരുമാനം അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ല**

നികുതി നികുതിയേതര വരുമാനമായി ലഭിക്കുന്ന തുക അനിവാര്യ ചെലവുകൾക്ക് തികയുന്നില്ല. ഓഡിറ്റ് വർഷം നികുതി, നികുതിയേതര വരവുകൾ 95 ശതമാനത്തിലധികം പിരിച്ചെടുത്തിട്ടുണ്ടെങ്കിലും മതിയായ നികുതി നികുതിയേതര വരുമാനം ഇല്ലാത്തത് ധനക്കമ്മിക്ക് കാരണമായി. തനതു വരുമാനം, അനിവാര്യ ചുമതലകൾക്കായുള്ള ചെലവ് എന്നിവ തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു( ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്).

| | | | |
|---|---|---|---|
| നികുതി വരുമാനം | 6,413,162.00 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 13,227,492.00 |
| വാടക | 10,562.00 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 975,436.00 |
| നികുതിയേതരം | 782,805.00 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2,451,095.00 |
| വില്പന, വാടക എന്നിവയിൽ നിന്നുള്ള വരുമാനം | 218,735.00 | | |
| പലിശ | 227,941.00 | | |
| **ആകെ** | **76,53,205** | **ആകെ** | **1,66,54,023** |
| | | **വ്യത്യാസം** | **9000818** |

തനതു ചെലവുകൾക്കായി സർക്കാർ പൊതു ആവശ്യ ഫണ്ട് ലഭ്യമാക്കുന്നതു കൊണ്ടാണ് അനിവാര്യ ചുമതലകളും മറ്റ് ഓഫീസ് ആവശ്യങ്ങളും നിറവേറ്റുന്നത്. ധനക്കമ്മി ഒഴിവാക്കാൻ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സുകൾ എല്ലാം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഈ വിഷയത്തിൽ കമ്മിറ്റിയുടെ ഭാഗത്തു നിന്നും സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമല്ല. 2023 ജനുവരി മാസം മുതലുള്ള മിനുട്സുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നത്. ലഭ്യമാക്കിയ മിനുട്സുകളിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിൽ ക്രിയാത്മക നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല എന്നു കാണുന്നു.

വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ പിരിവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**വസ്തു നികുതി**

തദ്ദേശ സ്വയംഭരണ(ആർസി) വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം അടിസ്ഥാന നികുതി നിരക്കുകൾ തയ്യാറാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് ഡാറ്റാ കളക്ഷൻ നടത്തുന്നതിന് 8 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പുതുക്കിയ വിജ്ഞാപന പ്രകാരം അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ 5% വർദ്ധന മാത്രമാണ് പുതുക്കലിന്റെ ഭാഗമായി വരുത്തിയിട്ടുള്ളത്. 2011 ൽ നിശ്ചയിച്ചതു പ്രകാരമുള്ള മേഖലകളിൽ മാറ്റം വരുത്തിയിട്ടില്ല. വിവിധ പ്രദേശങ്ങൾ , റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ ഇവ പുതുക്കി നിശ്ചയിച്ചിട്ടില്ല. അടിസ്ഥാന വസ്തു നികുതിയിന്മേൽ ചുമത്താവുന്നതിന്റെ കുറഞ്ഞ നിരക്കായ 10% തുക തന്നെയാണ് പുതുക്കിയ സേവനനികുതി നിരക്കുകളിലും ഉൾപ്പെടുത്തിയിട്ടുള്ളത്. സേവന ഉപനികുതി നിരക്ക് പുതുക്കി വരുമാന വർദ്ധനവിന് ഉതകുന്ന തീരുമാനങ്ങൾ ഭരണ സമിതിയ്ക്ക് സ്വീകരിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ - ചട്ടം 14 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപ്പഞ്ചായത്തിലെ എല്ലാ സ്ഥാപന മേധാവികളിൽ നിന്നും ഫോറം 1 മുഖേന ജീവനക്കാരുടെ എണ്ണം, വരുമാനം, ശമ്പളം മുതലായ വിവരങ്ങൾ ആവശ്യപ്പെട്ട് ശേഖരിക്കേണ്ടതും ആയതനുസരിച്ച് ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ഗ്രാമപ്പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുമില്ല. ആയതു കൊണ്ട് തന്നെ പഞ്ചായത്ത് പരിധിയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നതിനെപ്പറ്റിയുള്ള കൃത്യമായ വിവരങ്ങൾ ഗ്രാമപ്പഞ്ചായത്തിൽ ലഭ്യമല്ല. ഗ്രാമപ്പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ കൃത്യവും സമ്പൂർണ്ണവുമായ ഡേറ്റാബേസ് തയ്യാറാക്കുന്നതിനും അവ നിശ്ചിത ഇടവേളകളിൽ പുതുക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

**നികുതിയേതര വരുമാനങ്ങൾ**

നികുതിയേതര വരുമാന ഇനങ്ങളിൽ കുടിശ്ശിക ഇല്ല. സാദ്ധ്യമായ എല്ലാ സ്രോതസ്സുകളിൽക്കൂടിയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡിമാന്റ് ചെയ്യപ്പെട്ട നികുതി നികുതിയേതര വരുമാനങ്ങൾ 95% ത്തിൽ അധികം പിരിച്ചെടുത്തിട്ടുണ്ടെങ്കിലും തനതുവരുമാനം അനിവാര്യ ചെലവുകൾ നടത്തുന്നതിന് മതിയാകുന്നില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ വസ്തു നികുതി പരിഷ്കരണം നടത്തിയപ്പോഴും മുൻപുണ്ടായിരുന്ന അതേ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താതെയാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. വരുമാന വർദ്ധനവ് ഉണ്ടാകുന്ന തരത്തിൽ വിജ്ഞാപനത്തിൽ മാറ്റം വരുത്തുന്നതിന് ഭരണ സമിതിക്ക് പുനർ ചിന്തനം നടത്താവുന്നതാണ്. അതു പോലെ തന്നെ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1-12 സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനായി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങളെല്ലാം ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല

സർക്കാർ ഉത്തരവ്(സാധാ) നം. 2511/07 ത.സ്വ.ഭ.വ തി. 22.07.2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ചയ പ്രകാരം പഞ്ചായത്തിൽ 1113 വാണിജ്യ കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ലൈസൻസ് എടുത്തിരിക്കുന്നത് 270 സ്ഥാപനങ്ങൾ മാത്രമാണ്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയോ മുഴുവൻ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതിനാൽ തന്നെ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്.

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1113 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 892 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 87 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 2 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 3 |

| | |
|---|---|
| ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 67 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ | 6 |
| വ്യവസായത്തിനാവശ്യമായ കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | 32 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 24 |
| ആകെ | **1113** |

മുൻവർഷ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും സംരംഭക ലൈസൻസ് എടുത്തിരിക്കുന്നത് 193 സ്ഥാപനങ്ങൾ മാത്രമായിരുന്നു. എന്നാൽ സാമ്പത്തിക വർഷം 270 സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ വന്നിട്ടുണ്ട്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ലൈസൻസ് പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളുടെയും കൃത്യമായ ലിസ്റ്റ് തയ്യാറാക്കി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിശ്ചയിച്ചു - നികുതി നഷ്ടം സംഭവിക്കുന്നു

ലൈസൻസ് രജിസ്റ്റർ പ്രകാരം 270 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. എന്നാൽ പല സ്ഥാപനങ്ങളുടെയും ഉപയോഗക്രമം സഞ്ചയയിൽ തെറ്റായാണ് കാണിച്ചിട്ടുള്ളത്. ഇതുമൂലം നികുതി നഷ്ടം സംഭവിക്കുന്നു. ഓഡിറ്റിൽ കണ്ടെത്തിയ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സംരംഭകന്റെ പേര് വിവരം,<br>ലൈസൻസ് എടുത്ത സ്ഥാപനത്തിന്റെ പേരു വിവരം | സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമം |
|---|---|---|---|
| 1 | 8/3<br>8/4 | ഷൈലജകുമാരി പി.<br>പലചരക്ക് & സ്റ്റേഷനറി വ്യാപാരം | ഉപയോഗക്രമം പാർപ്പിടം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| 2 | 7/167/A | സിനീഷ് എം.റ്റി. മേലേടത്ത്<br>കൃഷ്ണസ്റ്റോഴ്സ് പലചരക്ക് & പച്ചക്കറി | ” |
| 3 | 5/538 | സാജൻ ജോർജ്ജ് വർഗ്ഗീസ്<br>ആഷ്ലിൽഓട്ടോ പാർട്ട്സ് | ” |

| | | | |
|---|---|---|---|
| 4 | 15/64 | ശിവദാസ് റ്റി. മലമ്പാറ (വീട്)<br>ശിവദാസ് സ്റ്റോഴ്സ് പലചരക്ക് വ്യാപാരം | ” |
| 5 | 13/555<br>13/556 | അമ്പിളി രാധാകൃഷ്ണൻ കിഴക്കേടത്ത് വീട്<br>അമ്പിളി ഹോട്ടൽ | ” |

പഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങൾക്ക്, സഞ്ചയയിൽ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 37തീയതി 30.09.2023) മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് നികുതി പുനർ നിർണ്ണയം നടത്തേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച്, കുടിശ്ശിക സഹിതം നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയേക്കണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തുള്ള നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തൊഴിൽ നികുതി കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 431120101 Receivables For Profession Tax - Institutions (Current) | 10,000 |
| 431120105 Receivables For Profession Tax - Traders (Current) | 19,250 |

കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ മേൽ കുടിശ്ശികയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റററിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ നികുതിയിനത്തിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ടിയിനത്തിൽ കുടിശ്ശിക ഇല്ല എന്നു കാണുന്നു. നികുതി കൃത്യമായി ഡിമാന്റ് ചെയ്യേണ്ടതും ഡിമാന്റ്, കുടിശ്ശിക തുകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1. ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കരാറുകാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരുടെ പേരു വിവരം |
|---|---|
| 1. | ബാലചന്ദ്രൻ നായർ |
| 2. | രഞ്ജിത്ത് സി ചന്ദ്ര |
| 3. | എം. ഹരിഹരൻ |
| 4. | റ്റോബി ഫിലിപ്പ് |
| 5. | രാഹുൽ രാജ് |
| 6. | രവീന്ദ്രൻ നായർ |
| 7. | സതീഷ് കുമാർ |
| 8. | അതുൽ കൃഷ്ണ |
| 9. | ഹരികൃഷ്ണൻ എം ജി |
| 10. | ജോൺസൺ മാത്യു |
| 11. | കൊച്ചുമോൻ പി ജെ |

2. വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ വിശദാംശം | നികുതി ഈടാക്കാൻ അവശേഷിക്കുന്നതിന്റെ വിവരം |
|---|---|---|
| 1. | ഐ ഒ ബി പ്ലാങ്കമൺ | രണ്ടാം അർദ്ധ വർഷം |
| 2. | സി എച്ച് സി കാഞ്ഞീറ്റുകര | രണ്ടാം അർദ്ധ വർഷം നാല് ജീവനക്കാരിൽ നിന്ന് മാത്രമേ നികുതി ഈടാക്കിയിട്ടുള്ളു. ഒന്നാം അർദ്ധ വർഷം 13 ജീവനക്കാരിൽ നിന്നും |

| | | | |
|---|---|---|---|
| | | | നികുതി ഈടാക്കിയിട്ടുണ്ട്. |
| 3. | പോസ്റ്റ് ഓഫീസ്, ഇടപ്പാവൂർ | | രണ്ടാം അർദ്ധ വർഷം |
| 4. | വി ഇ ഒ, അയിരൂർ | | രണ്ടാം അർദ്ധ വർഷം |
| 5. | മുത്തൂറ്റ് ഫിനാൻസ്, ചെറുകോൽപ്പുഴ | | ഒന്നും രണ്ടും അർദ്ധ വർഷം |
| 6. | ക്ഷീരോത്പാദക സഹകരണസംഘം, തടിയൂർ | | രണ്ടാം അർദ്ധ വർഷം |
| 7. | മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റ്, അയിരൂർ | | രണ്ടാം അർദ്ധ വർഷം |
| 8. | അയിരൂർ പുതിയകാവ് ദേവസ്വം, ആറന്മുള ഗ്രൂപ്പ് | | ഒന്നും രണ്ടും അർദ്ധ വർഷം |
| 9. | കോളേജ് ഓഫ് അപ്ളൈഡ് സയൻസ്, അയിരൂർ | | രണ്ടാം അർദ്ധ വർഷം |
| 10. | സപ്ളൈകോ പി ഡി എസ്സ് സബ് ഡിപ്പോ, തടിയൂർ | | രണ്ടാം അർദ്ധ വർഷം |
| | റേഷൻ കട ജീവനക്കാർ | | |
| | ജീവനക്കാരന്റെ പേര് | ലൈസൻസ് നമ്പർ | |
| 11. | വിനോദ് കുമാർ | ARD NO. 1315004 | ഒന്നും രണ്ടും അർദ്ധ വർഷം |
| 12. | അജിത്ത് ജി | ARD NO. 1315007 | രണ്ടാം അർദ്ധ വർഷം |

നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും സ്ഥാപനങ്ങളിൽ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ആംബുലൻസ് വാടകയിനത്തിൽ ലഭിക്കുന്ന തുക കൈവശം സൂക്ഷിക്കുന്നു

സിറ്റിസൺസ് ഇൻഡ്യ ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള KL01 CS 8017 എന്ന നമ്പറിലുള്ള ആമ്പുലൻസ് കോവിഡിന്റെ സമയത്ത് ഗ്രാമപഞ്ചായത്തിലെ രോഗികളെ ആശുപത്രിയിൽ കൊണ്ടു പോകുന്നതിനായി വിട്ടു നൽകിയിട്ടുള്ളതാണ്. 06.9.2021-ലെ I(1)-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം ആംബുലൻസ് ഡ്രൈവർക്കുള്ള വേതനം, ഇന്ധനം, അറ്റകുറ്റ പണികൾ എന്നിവ സംബന്ധിച്ചുള്ള ചെലവുകൾ ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് ആയിരിക്കണമെന്നുള്ള സിറ്റിസൺസ് ഇൻഡ്യ ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ഗ്രാമപഞ്ചായത്തുമായി 05.10.2021-ൽ ഒരു വർഷത്തേയ്ക്ക് എഗ്രിമെന്റ് വച്ചിട്ടുള്ളതും പരസ്പര ഉടമ്പടി പ്രകാരം വർഷം തോറും പുതുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.

സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ആംബുലൻസ് വാടകയിനത്തിൽ 1,14,897 രൂപ വരവുണ്ട്. എന്നാൽ വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. ആംബുലൻസ് വാടകയിനത്തിൽ പിരിച്ചെടുക്കുന്ന തുകയ്ക്ക് രസീത് നൽകുന്നില്ല. ആംബുലൻസ് ഓടുന്നതിന്റ വാടക തുക, ദിവസങ്ങൾക്ക് ശേഷമാണ് ഡ്രൈവർ ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നത്. രസീത് നൽകാതെയാണ് വാഹനം വാടകയ്ക്ക് എടുക്കുന്നവരിൽ നിന്നും തുക ഈടാക്കുന്നത്. അതിനാൽ തന്നെ ഓട്ടം വിളിക്കുന്നവരിൽ നിന്നും ഈടാക്കിയ തുക മുഴുവനായും അടവാക്കിയിട്ടുണ്ടോയെന്നു പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ചില ദിവസത്തെ ഓട്ടത്തിന്റെ തുക ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നുമില്ല. ആംബുലൻസ് വാഹന വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. അതിനാൽ തന്നെ വാഹന വാടക ഈടാക്കുന്നത് ക്രമപ്രകാരമാണെന്നോ വാടകയ്ക്ക് ഇളവ് അനുവദിക്കുന്നത് ഏതൊക്കെ രേഖകളുടെ അടിസ്ഥാനത്തിലാണന്നോ വ്യക്തമല്ല.

ആംബുലൻസ് വാടകയിനത്തിൽ ലഭിക്കുന്ന തുക ദിവസങ്ങളോളം കൈവശം സൂക്ഷിച്ചതിനു ശേഷമാണ് രസീത് എഴുതുന്നതും ഫണ്ടിൽ അടവാക്കുന്നതും. രസീത് പ്രകാരം പിരിച്ചെടുത്ത തുക യഥാസമയം അടവാക്കാത്തത് താത്കാലിക പണാപഹരണമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം ഓടിയ തീയതി | വാഹനം ഓടിയതിന്റെ ഉദ്ദേശം | യാത്ര ചെയ്ത ആളുടെ പേര് വിവരം | സഞ്ചരിച്ച ദൂരം | ഈടാക്കിയ തുക & ഈടാക്കിയ തീയതി & രസീത് നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 01.04.2022 | പുത്തോഴം-കോഴഞ്ചേരി മുത്തൂറ്റ് | രാജീവ് പുത്തോഴം | 19 Km | 740<br>21-04-2022<br>1220100229 |
| 02.04.2022 | മുക്കന്നകം-കോട്ടയം മെഡിക്കൽ | ഉണ്ണികൃഷ്ണൻ മൂക്കന്നൂർ | 116 Km | തുക അടവാക്കിയിട്ടില്ല |
| 07.04.2022 | റാന്നി താലൂക്ക് ആശുപത്രി - കോട്ടയം മെഡിക്കൽ കോളേജ് | വിലാസിനി ഇട്ടിയപ്പാറ | 125 Km | 1750<br>16-04-2022<br>1220100131 |
| 29.04.2022 | ഇടത്രാമൺ-കോഴഞ്ചേരി പൊയ്യാനിൽ മോർച്ചറി | സാറാമ്മ ഇടത്രാമൺ | 16 Km | 660<br>10.05.2022<br>1220100579 |
| 01.05.2022 | കോഴഞ്ചേരി പൊയ്യാനിൽ മോർച്ചറി - ഇടത്രാമൺ | സാറാമ്മ ഇടത്രാമൺ | 24 Km | 740<br>10.05.2022<br>1220100579 |
| 14.05.2022 | റാന്നി മാർത്തോമാ മോർച്ചറി - ഇടത്രാമൺ | രാഘവൻ ഇടത്രാമണ് | 26 Km | 1000<br>27-05-2022<br>1220100810 |
| 09.06.2022 | തടിയൂർ DMC – കോഴഞ്ചേരി മുത്തൂറ്റ് | രാജി തടിയൂർ | 18 Km | 680<br>08-07-2022<br>1220101265 |
| 09.06.2022 | തടിയൂർ DMC – പുഷ്പഗിരി, തിരുവല്ല | വിനായകൻ തടിയൂർ | 46 Km | 960<br>08.07.2022<br>1220101263 |
| 03.08.2022 | കോട്ടയം മെഡിക്കൽ കോളേജ് -മെഡിക്കൽ മിഷൻ തിരുവല്ല | ബാബു തടിയൂർ | 117 Km | 1607<br>05.08.2022<br>1220500134 |
| 05.12.2022 | വെള്ളയിൽ - കോട്ടയം മെഡിക്കൽ കോളേജ് | ലക്ഷ്മി സുകുമാരൻ വെള്ളയിൽ | 115 Km | തുക അടവാക്കിയിട്ടില്ല |
| 28.02.2023 | കോഴഞ്ചേരി പൊയ്യാനിൽ മോർച്ചറി - തോക്കുങ്കൽ | അജിത്ത് തോക്കുങ്കൽ | 20 Km | 700<br>07.03.2023<br>1220504097 |

ആംബുലൻസ് വാടക അടവാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 21 തീയതി 26.09.2023 & 34 തീയതി 29.09.2023) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ 02.04.2022, 05.12.2022 എന്നീ തീയതികളിൽ അടവാക്കാത്ത തുക 30.09.2023 -ൽ യഥാക്രമം 1660 രൂപയും(രസീത് നം. 1230502240/G030301) 1650 രൂപയും(1230502241/G030301) അടവാക്കി രസീത് ഓഡിറ്റിൽ ഹാജരാക്കി. ഇതിൽ നിന്നും ഓഫീസ് തലത്തിൽ ആംബുലൻസ് ഓടുന്നതു സംബന്ധിച്ചും രസീത് അടവാക്കുന്നതും സംബന്ധിച്ച് യാതൊരു മേൽനോട്ടവും നടക്കുന്നില്ലായെന്ന് വ്യക്തമായി.

ആംബുലൻസ് വാടക വരവ് സംബന്ധിച്ച് വ്യക്തമായ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. രസീത് പ്രകാരം പിരിച്ചെടുത്ത തുക വരവ് ലഭിക്കുന്ന അതേ തീയതിയിലോ തൊട്ടടുത്ത ദിവസമോ ഫ്രണ്ട് ഓഫീസിൽ അടയ്ക്കേണ്ടതാണ്. ബൈലോ തയ്യാറാക്കി ആയതു പ്രകാരം തന്നെയാണ് ആംബുലൻസ് വാടക ഈടാക്കുന്നതെന്ന്/വാടക ഇളവ് അനുവദിക്കുന്നതെന്നും ഉദ്യോഗസ്ഥതലത്തിൽ മോണിറ്ററിംഗ് ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തനത് വരുമാനം തീരെകുറവായ പഞ്ചായത്ത് എന്ന നിലയിൽ ആംബുലൻസ് നടത്തിപ്പ് പഞ്ചായത്തിന് അധിക ബാദ്ധ്യത ഉണ്ടാകാത്ത രീതിയിൽ പരിപാലിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ലേല നടപടികളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തിലെ ലേലം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ആസ്തി രജിസ്റ്ററും ലേല രജിസ്റ്ററും പൊരുത്തപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ലേലത്തിലൂടെ വരുമാനമുണ്ടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമായി. ഗ്രാമപഞ്ചായത്തിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ലേലവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ സ്വീകരിച്ചതായി കണ്ടു. ഭരണസമിതിയുടെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. **02/03/2022** ലെ തീരുമാനം നം. **28 (1)** പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിലും കോൺഫറൻസ് ഹാളിലും പഴയ ഓഫീസ് കെട്ടിടത്തിന്റെ മുകൾ നിലയിലും കൂട്ടിയിട്ടിരിക്കുന്ന പാഴ്വസ്തുക്കൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ വകയിരുത്തുന്നതിനും, ഗ്രാമ പഞ്ചായത്ത് കെട്ടിടങ്ങളും പരിസരവും വൃത്തിയാക്കുന്നതിനുമായി പാഴ്വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കി മൂല്യം നിശ്ചയിച്ചു തരുന്നതിന് ത.സ്വ.ഭ.വ അസിസ്റ്റന്റ് എൻജിനീയർക്കു നിർദ്ദേശം നല്കുന്നതിനു തീരുമാനിച്ചിരുന്നു.
2. 02/08/2022 ലെ തീരുമാനം നം. **16 (1)** പ്രകാരം അയിരൂർ കൃഷി ഭവനും പരിസരത്തുള്ള വീടുകൾക്കും ഭീഷണിയായി കൃഷി ഭവൻ പരിസരത്ത് നില്ക്കുന്ന മരം മുറിച്ചു മാറ്റുന്നത് സംബന്ധിച്ച് കൃഷിഓഫീസറുടെ കത്ത് ചർച്ച ചെയ്തതായും അയിരൂർ കൃഷി ഭവന് മുൻവശത്ത് നിൽക്കുന്ന 2 മഹാഗണിയും പിൻവശത്ത് നിൽക്കുന്ന ഒരു തേക്കുമരവും കൃഷിഭവൻ കെട്ടിടത്തിനും പരിസരവാസികളുടെ കെട്ടിടങ്ങൾക്കും അപകടകരമായി നിൽക്കുന്നതിനാൽ ആയവ മുറിച്ച് മാറ്റുന്നതിന് മുന്നോടിയായി വാല്യുവേഷൻ ലഭ്യമാക്കണമെന്ന് വനം വകുപ്പ് അധികൃതരോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിരുന്നു.

പ്രസ്തുത രണ്ടു വിഷയങ്ങളിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ലേലം സംബന്ധിച്ച് നടന്ന തുടർ നടപടികളുടെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. **27** തീയതി 26.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചവയുടെ ലേലം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചില്ലായെന്നത് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ജനങ്ങളുടെ ജീവന് അപകടഭീഷണിയായി നിൽക്കുന്ന മരം മുറിച്ചുമാറ്റേണ്ടതും, തടി ലേലം ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിലെയും പരിസരത്തെയും പാഴ് വസ്തുക്കൾ അടിയന്തിരമായി ലേലം ചെയ്ത് പരിസരം വൃത്തിയാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി മാത്രമാണ് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നത്. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ സ്ഥാപനത്തിന്റെയും, തൊഴിൽ ചെയ്യുന്ന ഏതൊരാളുടേയും നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി മാത്രമേ ഈടാക്കുന്നുള്ളു. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ട്രേഡേഴ്സിന്റെ നികുതി ഇനത്തിൽ തൻ വർഷം 148,280 രൂപ വരുമാനമുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു.

വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി ഈടാക്കാത്തതിന്റെ ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ തരം, കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | പെട്രോൾ പമ്പ് , 13/11 | 4 |
| 2. | സോഫാ നിർമ്മാണ യൂണിറ്റ്,1/37A | 5 |
| 3. | മിനി സൂപ്പർ മാർക്കറ്റ്, 13/537 | 3 |
| 4. | ഹോളോ ബ്രിക്സ് നിർമ്മാണം, 1/37 | 4 |
| 5. | പെട്രോൾ പമ്പ് , 1/303A | 4 |

ജീവനക്കാരുടെ നികുതിയിനത്തിലുള്ള വരുമാനം പഞ്ചായത്തിന് നഷ്ടമാകുന്നു. ഈ വിഷയം തുടർ നടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ ശേഷിക്കുന്നത് 59 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പരിശോധിച്ചതിൽ പ്രത്യേക ഉദ്ദേശങ്ങൾക്കായി സർക്കാർ/സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിലും പ്രത്യേക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലും സൂക്ഷിച്ചിട്ടുള്ളത് വ്യക്തമായി. പ്രത്യേക ഗ്രാന്റുകളുടെ വരവ് ചെലവ് നീക്കിയിരിപ്പിന്റെ വിശദാംശം കാണിക്കുന്ന രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടുമില്ല. സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ ശേഷിക്കുന്ന ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ശബരിമല ഗ്രാന്റ് | 1019523 |
| ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ | 781614 |
| പൈക്ക ഗ്രാന്റ് | 30552 |

| | |
|---|---|
| ബയോഡൈവേഴ്സിറ്റി ഗ്രാന്റ് | 1060861 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1121820 |
| ടോട്ടൽ സാനിട്ടേഷൻ ക്യാംപെയ്ൻ | 685550 |
| മറ്റ് ഗ്രാന്റുകൾ | 457000 |
| സംയുക്ത പദ്ധതി- ജില്ലാ പഞ്ചായത്ത് വിഹിതം | 610400 |
| സംയുക്ത പദ്ധതി- ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 134781 |
| ആകെ | 5902101 |

ഗ്രാന്റുകളുടെ സമയബന്ധിത വിനിയോഗം നടന്നില്ല എന്നുതുമാത്രമല്ല സർക്കാർ നിർദ്ദേശം പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുകയുമാണ്. ഗ്രാന്റ് തുകകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-19 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റേയും ഹരിതകേരള മിഷന്റേയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി തുക ചെലവഴിച്ചുവെങ്കിലും പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കണ്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്ന പ്രോജക്ട് (188/23)ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. കെൽട്രോൺ മുഖേനയാണ് പ്രോജക്ട് നടപ്പിലാക്കിയത്. പ്രോജക്ട് പ്രകാരം കെൽട്രോണിന് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക | ബിൽ റഫറൻസ് നം |
|---|---|---|
| ലാപ്ടോപ്പ്/QR Code പ്രിന്റിംഗ് ചാർജ് | 62000 | 1339/17.03.2023 |
| സർവ്വീസ് ചാർജ്/എസ്.എം.എസ്. ചാർജ് | 142900 | 1337/17.03.2023 |

പ്രോജക്ട് പ്രകാരമുള്ള കസ്റ്റമർ എന്റോൾമെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി 8676 എണ്ണം ക്യൂ.ആർ കോഡുകൾ (Quick Respose Code) വാങ്ങിയെങ്കിലും 2259 വീടുകളിലും 247 സ്ഥാപനങ്ങളിലും മാത്രമാണ് നാളിതുവരെ പതിപ്പിച്ചിട്ടുള്ളത്. ഹരിത കർമ്മസേന മുഖേന 100% വാതിൽപ്പടി സേവനം ഉറപ്പാക്കുന്നതിനാണ് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം ഏർപ്പെടുത്തിയതെങ്കിലും പ്രാഥമിക പ്രവർത്തനമായ ക്യൂ.ആർ കോഡുകൾ പതിപ്പിക്കൽ പ്രവൃത്തികൾ പോലും പൂർത്തീകരിക്കാത്തതിനാൽ ഈ സംവിധാനം പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ല. കൃത്യമായ മോണിട്ടറിംഗിന്റെ അഭാവം പ്രകടമാണ്. 26/09/2022-ലെ സ.ഉ(സാധാ.)നം.2341/2022/ എൽ.എസ്.ജി.ഡി. നം. ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-നിർവ്വഹണത്തിലെ അപാകതകൾ

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചിരട്ടോലിൽ കോളനി, കൊക്കാവള്ളിൽ കോളനി എന്നീ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനു പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. KEL(Kerala Electrical & Allied Engineering Company Ltd) എന്ന സ്ഥാപനത്തിനാണ് തുക കൈമാറിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|
| മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 68/23 (സ്പിൽ ഓവർ പ്രോജക്ട്) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 247500(26/08.07.2022) |
| | തനത് ഫണ്ട് | 2500(19.07.2022) |

പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പ്രവൃത്തിയുടെ നിർവ്വഹണം ടെണ്ടർ/ബിഡിംഗ് മുഖേനയല്ലാതെ KEL-നെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് 21.10.2020-ലെ സ.ഉ.(സാധാ)നം.1978/2020/തസ്വഭവ നമ്പർ ഉത്തരവിന് വിരുദ്ധമാണ്. മിനി മാസ്റ്റ് സ്ഥാപിക്കേണ്ട സ്ഥലത്ത് പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. അക്രഡിറ്റേഷൻ സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ 02/09/22-ലെ ജി.ഒ(പി)104/2022/ഫിൻ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ വർക്ക് ചെയ്യുന്നതിനുള്ള PMC എന്ന നിലയിലാണ് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് KEL-ന് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. 28/04/21-ലെ ജി.ഒ(പി)67/2021/ഫിൻ ഉത്തരവ് അനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികൾക്ക് പ്രവൃത്തികളുടെ നിർവ്വഹണം നേരിട്ട് ഏറ്റെടുക്കുന്നതിന് അനുമതിയില്ല. PMC ആയി പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ നടപടികൾ, സൂപ്പർവിഷൻ, മെഷർമെന്റ്, ബില്ലുകളുടെ സൂക്ഷ്മപരിശോധന, ഡിഫെക്ട് ലയബിലിറ്റി

കാലയളവിലെ പ്രവർത്തനം നിരീക്ഷിക്കുക എന്നിവ നിർവ്വഹിക്കേണ്ടത് പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റാണ്. അനുവദനീയമായ സെന്റേജ് ഇനത്തിലുള്ള തുക പി.എം.സി-യ്ക്കും പ്രവൃത്തിയുടെ തുക കരാറുകാർക്കുമാണ് അനുവദിക്കേണ്ടത്. ആയതിന് പഞ്ചായത്തും, PMCയും കരാറുകാരനും തമ്മിൽ ത്രികക്ഷി എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. എന്നാൽ KEL എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിരിക്കുകയാണ്. നോൺ പി.എം.സി. സ്ഥാപനം നിർവ്വഹണം നടത്തുന്ന രീതിയിലാണ് KEL നിർവ്വഹണം ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ നോൺ പി.എം.സി. സ്ഥാപനം പ്രവൃത്തി നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ല(എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ക്ഷമതയുള്ള ഒരു അധികാരി സാങ്കേതികാനുമതി നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ ബിൽത്തുക വാല്യുവേഷൻ/മെഷർമെന്റിന്റെ അടിസ്ഥാനത്തിലല്ല നൽകിയിട്ടുള്ളത്. ചെയ്ത പ്രവൃത്തിയുടെ യഥാർത്ഥ മൂല്യ നിർണ്ണയം നടത്താതെ പ്രവൃത്തി നിർവ്വഹിച്ച സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തത്)

2) മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനകാര്യ വകുപ്പിന്റെ മാർഗ്ഗരേഖ(ജി.ഒ(പി)27/2017/ധന തീ.26/02/2017) അനുസരിച്ച് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട സ്ഥലം അനുയോജ്യമാണെന്ന കെ,എസ്.ഇ.ബിയിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കണം. ഈ നടപടിക്രമം പാലിച്ചില്ല.

3) ജി.ഒ(പി)27/2017/ധന തീ.26/02/2017 നം. ഉത്തരവ് പ്രകാരം മാസ്റ്റ്, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവയ്ക്ക് നിശ്ചിത സ്പെസിഫിക്കേഷൻ തയ്യാറാക്കിയിരുന്നു. എന്നാൽ ഈ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാസ്റ്റ്, ലൈറ്റുകൾ എന്നിവയല്ല സ്ഥാപിച്ചിരിക്കുന്നത്.

4) മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുത കണക്ഷൻ എടുത്തതിന്റെ രേഖകളില്ല. ലൈറ്റുകൾ പ്രവർത്തന ക്ഷമമാണെന്നുമുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

5) പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/25.9.23) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുത കണക്ഷൻ എടുത്തതിന്റെ രേഖകളും പ്രവർത്തനക്ഷമമാണെന്നത് സംബന്ധിച്ച ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 നടപ്പാകാത്ത കുടിവെള്ള പദ്ധതികൾ- 43.35 ലക്ഷം രൂപ തിരികെ വാങ്ങാൻ നടപടിയില്ല

വിവിധ കുടിവെള്ള പദ്ധതികൾക്കായി 2010-11, 2011-12, 2012-13 വർഷങ്ങളിൽ 43.35 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പദ്ധതികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. നടപ്പാക്കാതെ ഉപേക്ഷിച്ച പദ്ധതികൾക്കായി നൽകിയ തുക തിരികെ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുമില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | വർഷം | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | കാവ്മുക്ക് പുലിപ്പാറത്തടം സെറ്റിൽമെന്റ് കോളനി ചെറുകിട കുടിവെള്ള പദ്ധതി( 64/12, 161/13) | 2011-12 | 15,00,000 |
| | | 2012-13 | 700000 |
| | | | **2200000** |
| 2 | ചിരട്ടോലിൽ ഐ.എച്ച്.ഡി.പി. കോളനി കുടിവെള്ള പദ്ധതി, 102/12 | 2010-11 | 700000 |
| | | 2011-12 | 390000 |
| | | | **1090000** |
| 3 | മുണ്ടപ്ലാക്കൽ ഭാഗം കുടിവെള്ള പദ്ധതി, 101/12 | 2010-11 | 7000000 |
| | | 2011-12 | 345000 |
| | | | **1045000** |
| | ആകെ | | **4335000** |

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര ഭരണതല നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ രേഖകളില്ല

വാർഷിക കണക്ക് പ്രകാരം കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂറായി നൽകിയ 10564732 രൂപയുടെ ചെലവ് ക്രമീകരിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | തുക |
|---|---|
| കേരള വാട്ടർ അതോറിറ്റി | 5894304 |
| കെ.എസ്.ഇ.ബി. | 4242457 |
| ഭൂജല വകുപ്പ് | 275029 |

| | |
|---|---|
| പൊതുമരാമത്ത് വകുപ്പ് | 152942 |

2012-13 മുതൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കൈമാറിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, നിർവ്വഹണ ഏജൻസികളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | വർഷം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 2 | ചക്കിട്ടത്തറയിൽ - തടത്തിൽത്തറയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO191/13 | 65000 | 2012-13 | കേരള വാട്ടർ അതോറിറ്റി |
| 3 | അയിരൂർ- പുതിയ കുടിവെള്ള പദ്ധതി SO66/13 | 23500 | -ടി- | -ടി- |
| 4 | ചാക്കമാർ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO98/14 | 50000 | 2013-14 | -ടി- |
| 5 | കാവുംപുറത്ത് - തെക്കേക്കര കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO159/14 | 303000 | -ടി- | -ടി- |
| 6 | കാവുംമുക്ക് - പുലിപ്പാറത്തടം സെറ്റിൽമെന്റ് കോളനി മിനി വാട്ടർ സ്കീം SO152/14 | 400000 | -ടി- | -ടി- |
| 7 | കൊക്കാവള്ളി കോളനിയിൽ കുഴൽക്കിണർ നിർമ്മാണം SO153/14 | 34230 | -ടി- | ഭൂജല അതോറിറ്റി |
| 8 | കൊല്ലമേത്ത് പ്ലാച്ചേരി ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO24/15 | 110000 | 2014-15 | കേരള വാട്ടർ അതോറിറ്റി |
| 9 | ഗ്രാമത്തിൽപ്പടി മുതൽ കാമ്പൂപ്പാറ വരെ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ SO152/15 | 43873 | -ടി- | കെ.എസ്.ഇ.ബി |
| 10 | പ്ലാങ്കമൺ പേരൂർച്ചാൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO8/16 | 47150 | 2015-16 | -ടി- |
| 11 | മുക്കുഴി പൂവൻമല റോഡിൽ വാസുപ്പടി മുതൽ മുക്കുഴി വരെ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO9/16 | 50000 | -ടി- | -ടി- |
| 12 | പ്ലാച്ചേരി പന്നികുന്നിൽ റോഡിൽ പ്ലാച്ചേരി ഐ.പി.സി പടി മുതൽ കോളാകോട്ട് പടി വരെ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO112/16 | 50000 | -ടി- | -ടി- |
| 13 | കൊക്കാവള്ളി കോളനി മിനി വാട്ടർ സ്കീം SO198/16 | 370000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 14 | കാവുമുക്ക് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO99/17 | 300000 | 2016-17 | -ടി- |

| | | | | |
|---|---|---|---|---|
| 15 | വാർഡ് 16 ലെ വിവിധ ഭാഗങ്ങളിലും വാർഡ് 14 ലെ കണ്ണങ്കരേത്ത് മുണ്ടപ്പാക്കൽ ഭാഗത്തും സ്ട്രീറ്റ് ലൈൻ SO124/17 | 287400 | -ടി- | കെ.എസ്.ഇ.ബി |
| 16 | വാർഡ് 16 ലെ തടത്തേമുക്ക് വട്ടപ്പാറ റോഡിലും പുത്തേഴം സൊസൈറ്റിപ്പടിയിലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO190/17 | 42000 | -ടി- | -ടി- |
| 17 | വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO204/17 | 207471 | -ടി- | -ടി- |
| 18 | 14-ാം വാർഡിൽ മുണ്ടപ്പാക്കൽ ചട്ടോലി ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO217/17 | 90000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 19 | മുളവേലിക്കുഴി ചട്ടോലിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO66/18 | 350000 | 2017-18 | -ടി- |
| 20 | മുളവേലിക്കുഴി ചട്ടോലിൽ കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO74/18 | 16800 | -ടി- | കെ.എസ്.ഇ.ബി |
| 21 | വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 120910 | -ടി- | -ടി- |
| 22 | കടയാർ സെറ്റിൽമെന്റ് കോളനി എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO210/18 | 720000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 23 | വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ SO18/19 | 581999 | 2018-19 | കെ.എസ്.ഇ.ബി |
| 24 | വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO19/19 | 114000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 25 | മുളവേലിക്കൽ ഭാഗത്ത് പൈപ്പ് ലൈനും പൊതുടാപ്പും | 50000 | -ടി- | -ടി- |
| 26 | സ്ട്രീറ്റ് ഗ്രാമ പ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ലൈൻ എക്സ്റ്റൻഷൻ, 167/20 | 82128 | 2019-20 | കെ.എസ്.ഇ.ബി |
| 27 | നാലാം വാർഡിലെ വിവിധ ഭാഗങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി | 191160 | 2019-20 | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ, 256/20 | | | |
| 28 | 8-ാം വാർഡിലെ മൂക്കന്നൂർ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ അറ്റകുറ്റപ്പണി (S0124/21) | 68,000 | 2020-21 | ഭൂജല വകുപ്പ് |
| 29 | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S0130/21) | 4,63,925 | 2020-21 | കെ.എസ്.ഇ.ബി |
| 30 | 12-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0230/21) | 48,581 | 2020-21 | കെ.എസ്.ഇ.ബി |
| 31 | 4-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0242/21) | 51408 | 2020-21 | കെ.എസ്.ഇ.ബി |
| 32 | ചെറുകരപ്പടി വെള്ളവാളിപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0143/21) | 13,086 | 2020-21 | കെ.എസ്.ഇ.ബി |
| 33 | 10-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0144/21) | 75,208 | 2020-21 | കെ.എസ്.ഇ.ബി |
| 34 | 16-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0220/21) | 99,899 | 2020-21 | കെ.എസ്.ഇ.ബി |
| 35 | മനാട്ടപടി വാഴയിൽപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0050/21) | 250000 | 2020-21 | വാട്ടർ അതോറിറ്റി |
| 36 | ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S030/21) | 633424 | 2020-21 | വാട്ടർ അതോറിറ്റി |
| 37 | ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0241/21) | 20,00,000 | 2020-21 | വാട്ടർ അതോറിറ്റി |
| 38 | പൊതു കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി-കടയാർ സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി, 113/22 | 100000 | 2021-22 | ഭൂജല വകുപ്പ് |
| 39 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 111/22 | 271500 | 2021-22 | വാട്ടർ അതോറിറ്റി |
| 40 | നവീകരിച്ച റോഡുകളിൽ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കു | 96506 | 2022-23 | കെ.എസ്.ഇ.ബി |

നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിന് അടിയന്തിര ഭരണതല നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം അറിയിക്കേണ്ടതുമാണ്.

## <u>1-23 42.96 ലക്ഷം രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തില്ല</u>

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്ക്കരിച്ച 42.96 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 9 മരാമത്ത് പ്രവൃത്തികൾ തൻ വർഷം ടെണ്ടർ ചെയ്ത് കരാർ നൽകിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റിന്റെ തരം | വിഭാഗം/ മേഖല | ഫണ്ടിനം | അടങ്കൽ |
|---|---|---|---|---|---|---|
| 1 | 142 | കുളത്തിങ്കൽ ബെന്നിപ്പടി റോഡ് റീ ടാറിംഗ് വാർഡ് 8 | പുതിയത് | പൊതുവിഭാഗം പശ്ചാത്തലം | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 275000 |
| 2 | 200 | എയ്ഡഡ് സ്ക്കൂളിന് ടോയ്ലറ്റ് നിർമ്മാണം | പുതിയത് | പൊതുവിഭാഗം സേവനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 150308 |
| 3 | 207 | അമ്പലംപടി പനച്ചിക്കൽ കൊക്കാവള്ളി റോഡ് മെയിന്റനൻസ് വാർഡ് 3 | പുതിയത് | പൊതുവിഭാഗം പശ്ചാത്തലം | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 330000 |
| 4 | 248 | 76-ാം നമ്പർ അംഗനവാടിക്കി കെട്ടിട നിർമ്മാണം | പുതിയത് | പൊതുവിഭാഗം സേവനം | പ്ലാൻ ഫണ്ട് ബ്ലോക്ക് പ.വി. ജില്ലാ പ.വി. മറ്റിനം | 1100000 |
| 5 | 249 | പുത്തൻ ശബരിമല റോഡ് നവീകരണം വാർഡ്-2 | പുതിയത് | പൊതുവിഭാഗം പശ്ചാത്തലം | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 460000 |
| 6 | 255 | പുത്തൻശബരിമല ഇടത്താവളത്തിൽ ശുചിമുറി നിർമ്മാണം | പുതിയത് | പൊതുവിഭാഗം സേവനം | ശബരിമല ഫണ്ട് | 600000 |
| 7 | 257 | 78-അങ്കണവാടി കെട്ടിടം സമഗ്ര നവീകരണം വാർഡ് 15 | പുതിയത് | പൊതുവിഭാഗം പശ്ചാത്തലം | റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 500000 |
| 8 | 259 | ഇളങ്ങോടത്ത്പടി മനപ്പുറത്ത്പടി റോഡ് മെയ്ന്റനൻസ് വാർഡ് 13 സെക്കൻറ് റീച്ച് | പുതിയത് | പൊതുവിഭാഗം പശ്ചാത്തലം | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 81000 |
| 9 | 261 | കഥകളി മ്യൂസിയം-മണ്ണ് പരിശോദനയുംസ്ട്രക്ച്ചറൽ ഡിസൈനിംഗ് | പുതിയത് | പൊതുവിഭാഗംസേവനം | തനത് ഫണ്ട് ജില്ലാ പ.വി. | 800000 |
| | | ആകെ | | | | 4296308 |

പ്രോജക്ട് നം.142, 200, 207, 249 എന്നിവ ടെണ്ടറും, റീടെണ്ടറും ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുത്തിട്ടില്ലെന്നും, 255 നമ്പർ പ്രോജക്ട് ടെണ്ടർ ചെയ്തിട്ടും ആരും എടുത്തിട്ടില്ലാത്തതിനാൽ റീടെണ്ടർ നടത്തുന്നതാണെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു. പ്രോജക്ട് നം. 248, 257, 259 എന്നീ പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ വെച്ചിട്ടുള്ളതായും അറിയിച്ചു. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്നത് സ്പഷ്ടമാണ്. ഏക വർഷ പ്രോജക്ടുകൾ അതത് സാമ്പത്തിക വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കി ഫണ്ട് വിനിയോഗിക്കുന്നതിന് ഉദ്ദേശിച്ചുള്ളവയാണ്. ലഭ്യമായ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ 20% മാത്രമേ ക്യാരിഓവറായി സർക്കാർ അനുവദിക്കുകയുള്ളൂ. സമയബന്ധിതമായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാതിരിക്കുന്നത് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന സേവനങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭ്യമാകാതിരിക്കുന്നതിനും, പഞ്ചായത്തിന്റെ പശ്ചാത്തല വികസനത്തിന് ലഭ്യമായ ഫണ്ട് വലിയ തോതിൽ ലാപ്സാകുന്നതിനും ഇടയാക്കും. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-24 കരാർ കാലയളവിനുളളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല – കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല

2021-22, 2022-23 വർഷങ്ങളിൽ അസി.എഞ്ചിനീയർ ടെണ്ടർ ചെയ്ത് കരാർ നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഓഡിറ്റ് തീയതിവരെ നിർവ്വഹണം പൂർത്തിയാക്കി ബിൽ തുക നൽകിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | കരാറുകാരന്റെ പേര് | കരാർ നം., തീ. | കരാർ കാലയളവ് |
|---|---|---|---|---|---|---|
| 1 | 193/22 | പട്ടികജാതി പട്ടിക വർഗ കോളനികളിൽ ദ്രവമാലിന്യ | 700000 | ശ്രീ റ്റി.ആർ. സുനിൽകുമാർ | 61/AE/LSGD/AYR/PW/21-22, Dtd.14/03/22 | 4 മാസം |

| | | | | | | |
|---|---|---|---|---|---|---|
| | | സംസ്കരണം പദ്ധതി | | | | |
| 2 | 199/23 | കൃഷിഭവൻ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ | 605935 | ശ്രീ ബാലചന്ദ്രൻ നായർ | 5/AE/LSGD/AYR/PW/22-23, Dtd.04/01/23 | 4 മാസം |
| 3 | 166/23 | വിട്ടുകിട്ടിയ സ്ക്കൂളുകൾക്ക് നവീകരണം | 300000 | ശ്രീ എം. ഹരിഹരൻ | 9/AE/LSGD/AYR/PW/22-23, Dtd.05/01/23 | 3 മാസം |
| 4 | 170/23 | വാർഡ് 15 ൽ പുല്ലുവിഴ പാറയിൽ ലൈഫ് പദ്ധതി ഉദ്ഘാടനം ചെയ്യത സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മാണം | 100000 | ശ്രീ രഞ്ജിത് ചന്ദ്രൻ | 30/AE/LSGD/AYR/PW/22-23, Dtd.21/02/23 | 4 മാസം |
| 5 | 239/23 | ശബരിമല ഇടത്താവളം -ടോയ് ലെറ്റ് നവീകരണം | 380000 | ശ്രീ രഞ്ജിത് ചന്ദ്രൻ | 36/AE/LSGD/AYR/PW/22-23, Dtd.15/03/23 | 4 മാസം |
| 6 | 251/23 | പുറത്തൂട്ട്പ്പടി നിലനേരത്ത് റോഡ് സൈഡ് വോൾ നിർമ്മാണം-വാർഡ്-16 | 283000 | ശ്രീ രഞ്ജിത് ചന്ദ്രൻ | 37/AE/LSGD/AYR/PW/22-23, Dtd.15/03/23 | 4 മാസം |
| 7 | 247/23 | ഇട്രതാമൺ കണ്ണന്നൂർപറമ്പ് റോഡ് റീ കോൺക്രീറ്റിംഗും സൈഡ് കെട്ട് നിർമ്മാണവും വാർഡ്-11 | 500000 | ശ്രീ രഞ്ജിത് ചന്ദ്രൻ | 38/AE/LSGD/AYR/PW/22-23, Dtd.15/03/23 | 4 മാസം |

കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ചവരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും, മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തിയാക്കാവുന്നതുമാണ്. അപ്രകാരം ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴിവൻ കരാറുകാരന്റെ ബിൽതുകയിൽനിന്നും ജാമ്യനിക്ഷേപത്തിൽ നിന്നും, സ്ഥാവര ജംഗമ സ്വത്തുകളിൽനിന്നും വസൂലാക്കാവുന്നതാണ്. ഇപ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും കുറഞ്ഞത് 5 വർഷത്തേക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. കരാറുകാരന്റെ ലൈസൻസ് പ്രസ്തുത കാലയളവിൽ പുതുക്കി നൽകാൻ പാടുള്ളതല്ല (18.08.2018-ലെ എ.സി.2/223/2015/തസ്വഭവ നമ്പർ സർക്കുലർ). എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തിയ ടി കരാറുകാർക്കെതിരെ അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ ഫൈൻ ഈടാക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. കരാർ കാലയളവ് കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഫൈൻ ഈടാക്കി കൊണ്ട്പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-25 മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി കരാറുകാരന് ബിൽ തുക നൽകി</u>

| | |
|---|---|
| പ്രോജക്റ്റ് നം. | 220/22 (49/23) |
| അടങ്കൽ | 50000 |
| സാങ്കേതികാനുമതി നം. | 69/AE/LSGD/AYR/PW/21-22, Dt. 26.03.22 |
| കരാറുകാരൻ | ശ്രീ കൊച്ചുമോൻ പി.ജെ. |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| ചെലവഴിച്ച തുക – | 49758 |
| | |

| | |
|---|---|
| എം. ബുക്ക് നം. | 1/22-23 |
| ബിൽ നം. | 22050952013300689760/26.10.2022 |

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.49/23 പ്രകാരം നടപ്പിലാക്കിയ 15-ാം വാർഡിലെ 78-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് എന്ന പ്രവൃത്തി അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ യഥാർത്ഥ പ്രോജക്ടിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിച്ചേർക്കുകയോ, മാറ്റംവരുത്തുകയോ ചെയ്യേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആ പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ, നിർവ്വഹണത്തിൽ വളരെയേ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന പുതുക്കിയഎസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകാൻ പാടില്ല. എന്നാൽ ഇതിനു വിരുദ്ധമായാണ് ടി പ്രവൃത്തിയുടെ ഇനങ്ങളിലും അളവുകളിലും മാറ്റം വരുത്തി പ്രവൃത്തി നടത്തിയിട്ടുള്ളത്.

ഈ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിൽ രണ്ട് ഇനങ്ങളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. ഇനം 1 പ്രകാരം 56 Sqm അളവിൽ PVC സീലിംഗ് നിർമ്മിക്കുന്നതിന് 36011.92 രൂപയും, ഇനം 2 പ്രകാരം 17 മീറ്റർ നീളത്തിൽ റെയിൻവാട്ടർ ഗട്ടർ സ്ഥാപിക്കുന്നതിന് 7803 രൂപയും വകയിരുത്തിയായിരുന്നു എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയിരുന്നത്. എന്നാൽ PVC സീലിംഗ് നിർമ്മിക്കുന്ന പ്രവൃത്തി 15 Sqm ആയി പരിമിതപ്പെടുത്തിയും, റെയിൻ വാട്ടർ ഗട്ടർ സ്ഥാപിക്കുന്നതിനുള്ള ഇനം ഒഴിവാക്കിയുമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പകരമായി അങ്കണവാടിയുടെ മുറ്റം 32.435 Sqm അളവിൽ ഇന്റർ ലോക്ക് കട്ട പാകുന്നതിനുള്ള പ്രവൃത്തി ഉൾപ്പെടുത്തി. ഇപ്രകാരം എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തുന്നതിന് മുൻകൂട്ടി ഭരണാനുമതി വാങ്ങിയിരുന്നില്ല. അളവ് പുസ്തക പ്രകാരം പ്രവൃത്തി 17.06.22-ൽ പൂർത്തിയാക്കിയിട്ടുള്ളതാണ്. എന്നാൽ 11/07/2022 തീയതിയിൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത് (തീരുമാനം നം.3). മാത്രവുമല്ല ഇപ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം തയ്യാറാക്കിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അസ്സൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും പുതുക്കിയ സാങ്കേതികാനുമതി വാങ്ങുകയോ, കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടുക്കയോ ചെയ്തില്ല.

എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാം എന്ന മുൻധാരണ ശരിയല്ല. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും/ മാർഗ്ഗനിർദ്ദേശങ്ങൾക്കും തീർത്തും വിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/26.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണം.

## 1-26 അങ്കണവാടി മെയിന്റൻസ് – പ്രവൃത്തി നിർവ്വഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് | 78/22 (37/23) - അങ്കണവാടി മെയിന്റനൻസ് |
| അടങ്കൽ | 600000 (റോഡിതര മെയി.ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ സുനിൽകുമാർ റ്റി.ആർ. |
| എഗ്രിമെന്റ് നം. | 59(A)/AE/LSGD/AYR/21-22, 26.02.22 |
| പാർട്ട് ബിൽ തുക | 164731 |
| ബിൽ നം. തീ. | 22050952013300276254, 30.06.22 |
| എം.ബുക്ക് നം. | 282/21-22 |

പഞ്ചായത്തിന്റെ 2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 59, 63, 67, 69 നമ്പർ അങ്കണവാടികൾ അറ്റകുറ്റപ്പണി നടത്തുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 600000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങി. ഈ പ്രവൃത്തിക്ക് 26.10.2021-ലെ 50175/2021-22 നമ്പർ പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 6 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തി ഇ-ടെണ്ടർ ക്ഷണിച്ചുവേണമായിരുന്നു നടപ്പിലാക്കേണ്ടിയിരുന്നത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിക്ക് ടെണ്ടറും, റീടെണ്ടറും ക്ഷണിച്ചത് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ടെണ്ടർ/ റീടെണ്ടർ ക്ഷണിച്ചിട്ടും ടെണ്ടറുകൾ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ച് നടപ്പിലാക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചതായോ, കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ കമ്മിറ്റി അംഗീകരിച്ച് കരാർ നൽകുന്നതിന് തീരുമാനിച്ചതായോ പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടില്ല.

പ്രവൃത്തിയുടെ ഫയലിൽ രണ്ട് ക്വട്ടേഷനുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ സുനിൽകുമാർ റ്റി.ആർ എന്നയാൾക്കാണ് കരാർ നൽകിയത്. ടിയാൻ 26.02.022-ൽ കരാർ വയ്ക്കുകയും (59A/AE/LSGD/PW/AYR) 28.02.2022-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ/ക്വട്ടേഷൻ കമ്മിറ്റി അംഗീകരിക്കാതെ കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടത് എപ്രകാരമാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

ആറ് ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ 27.06.2022-ൽ സമർപ്പിച്ചിട്ടുണ്ട്. പാർട്ട് ബിൽ പ്രകാരം കരാറുകാരൻ 164731രൂപയുടെ പ്രവൃത്തി മാത്രമാണ് നടത്തിയിട്ടുള്ളത്. റീടെൻഷൻ ഇനത്തിൽ 2.5% ശതമാനം തുകയും, മറ്റ് നികുതികളും, ക്ഷേമനിധി വിഹിതവും കുറവ് ചെയ്ത് കരാറുകാരന് 154025രൂപ പ്രതിഫലം നൽകി. 30.06.2022-ൽ ബിൽ തുക കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പണി നടത്തിയിട്ടില്ല. 6 മാസം കരാർ കാലയളവുണ്ടായിരുന്ന ഈ പ്രവൃത്തി 25.08.2022-ന് മുമ്പായി പൂർത്തിയാക്കണ്ടതായിരുന്നു. കരാർ

കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കുകയോ, കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പണി നടത്താൻ കരാറുകാരൻ വിസമ്മതിക്കുന്ന പക്ഷം നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനും, കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ മറ്റൊരു ഏജൻസി മുഖാന്തിരം പ്രവൃത്തി പൂർത്തിയാക്കുന്നതിനും, അതുമൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം, വീഴ്ചവരുത്തിയ കരാറുകാരനിൽനിന്നും ഈടാക്കുന്നതിനും എഗ്രിമെന്റിൽ വ്യവസ്ഥയുണ്ട്. എന്നാൽ പ്രവൃത്തി നടത്തിപ്പിൽ വീഴ്ചവരുത്തിയ കരാറുകാരനെതിരെ അസി.എഞ്ചിനീയർ കരാർ വ്യവസ്ഥപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/26.09.2023) തൃപ്തികരമായ വിശദീകരണം ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയർക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് നിലവിൽ ചാർജ്ജുള്ള അസി.എഞ്ചിനീയർ അറിയിച്ചു. അപാകതകൾ മുൻനിർത്തി ഈ പ്രവൃത്തിക്ക് നാളിതുവരെ ചെലവഴിച്ച 164731 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി സ്പിൽ ഓവറായി തുടരുന്ന സാഹചര്യത്തിൽ കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതും, പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കേണ്ടതുമാണ്.

## 1-27 'ബ്രേക്കായി' അയിരൂരിലെ ടേക്ക്-എ-ബ്രേക്ക്; 9.79 ലക്ഷം രൂപയുടെ പദ്ധതി മുടങ്ങികിടക്കുന്നു

ടേക്ക് എ ബ്രേക്ക് പദ്ധതിയിൻകീഴിൽ മൂന്നുവർഷംകൊണ്ട് 9.79 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത ടോയ്ലറ്റ് കോംപ്ലക്സ് പരിപാലനമില്ലാതെ നശിക്കുന്നു. ടെയ്ലറ്റ് പരിസരം കാടുകയറിയും, ടോയ്ലറ്റ് ഉപയോഗിക്കാനാവാത്ത വിധം വൃത്തിഹീമായ നിലയിലുമാണ്. ടോയ്ലറ്റിന്റെ വാതിലുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി വൃത്തിയും, ശുചിത്വവും, സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും, 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും, യാത്രക്കാർക്കും ഉപയോഗിക്കാൻ പാകത്തിന് പാതയോരങ്ങൾ, സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു (സ.ഉ.(സാധാ.)നം.1401/2020/തസ്വഭവ, തീ. 27.07.2020). പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 500000 രൂപയും, ജില്ലാ പഞ്ചായത്ത വിഹിതം 500000 രൂപയും ഉൾപ്പെടെ ആകെ 1000000 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് ലക്ഷ്യം കാണാതെ മുടങ്ങികിടക്കുന്നത്.



പദ്ധതിയുടെ ഭാഗമായി അയിരൂർ ജംഗ്ഷനിൽ പമ്പ തീരത്ത് റവന്യൂ പുറമ്പോക്ക് ഭൂമിയിൽ 6 ടോയ്ലറ്റുകളും, 4 യൂറിനലുകളും ഉൾപ്പടുന്ന ഒരു ടോയ്ലറ്റ് കോംപ്ലക്സാണ് നിർമ്മിച്ചത്. ഈ പ്രവൃത്തിക്ക് ആകെ 978565രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് കൂടാതെ 2021-22 വാർഷിക പദ്ധതിയില് ഉൾപ്പെടുത്തി 188771രൂപ ചെലവഴിച്ച് ടേക്ക് എ ബ്രേക്കിന് ചുറ്റുമതിലും നിർമ്മിച്ചിട്ടുണ്ട്. 22.03.22-ൽ ടെയ്ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കുകയും, 29.09.2022-ൽ കരാറുകാർ സ്ഥാപനമായ റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് ബിൽ തുക നൽകുകയും ചെയ്തു. നിർമ്മാണം പൂർത്തിയാക്കി പേയ്മെന്റ് നൽകിയതല്ലാതെ ഇതിന്റെ പരിപാലനത്തിനുള്ള ക്രമീകരണങ്ങൾ പഞ്ചായത്ത് ചെയ്തില്ല. 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഇവയുടെ പരിപാലനവും നടത്തിപ്പും സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തിയിരുന്നു. ആയത് പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുംബശ്രീ മിഷൻ (സംരഭ) യൂണിറ്റുകൾക്കായിരിക്കണം ഇവയുടെ നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനവും, കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചിമുറിയുടെ നടത്തിപ്പ്/പിരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്. ശുചിമുറി സമുച്ചയത്തിനൊപ്പം റിഫ്രഷ്മെന്റ് കേന്ദ്രം കൂടി പ്രവർത്തിപ്പിച്ച് അധിക വരുമാനം കണ്ടെത്തണം. സ്ഥല പരിമിതി മൂലം ഇത് സാധ്യമാകാതിരിക്കുകയും, പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നിശ്ചിത വരുമാനം ഉറപ്പാക്കാനാവാത്ത സാഹചര്യമുണ്ടാവുകയും ചെയ്താൽ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ആവശ്യമായി വരുന്ന അധിക തുക (വയബിലിറ്റി ഗ്യാപ്പ് ഫണ്ട്) പദ്ധതി വച്ച് അതാത് തദ്ദേശസ്ഥാപനങ്ങൾ പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നൽകണം. എന്നാൽ പഞ്ചായത്ത് പണി കഴിപ്പിച്ചിട്ടുള്ള ടേക് എ ബ്രേക്ക് ടോയ്ലറ്റ് യൂണിറ്റുകളുടെ നടത്തിപ്പ്/പരിപാലന ചുമതല മേൽ പറഞ്ഞ പ്രകാരം കുടുംബശ്രീ യുണിറ്റിനെ ഏൽപ്പിച്ച് നൽകുന്നതിന് പഞ്ചായത്ത് തയ്യാറായിട്ടില്ല. നിലവിൽ ഇവ പരിപാലനമില്ലാതെ അനാഥമായി കിടക്കുന്ന സ്ഥിതിയാണ്. സർക്കാർ നിഷ്കർഷിച്ച പ്രകാരം ടേക്ക് എ ബ്രേക്കിന്റെ പരിപാലനത്തിന് ക്രമീകരണം ചെയ്യാതിരുന്നത് വീഴ്ചയാണ്.

പൊതു പണം ചെലവഴിച്ച് ആർജ്ജിച്ച ഒരു ആസ്തി ഉപയോഗപ്പെടുത്തി പരിപാലിക്കാതിരിക്കുന്നത് ആ ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്. പഞ്ചായത്തിന്റെ കെടുകാര്യസ്ഥതയാണ് ഈ ദുർവ്യയത്തിന് കാരണം. പൊതുജനത്തിന് ഉപയോഗപ്പെടുന്നവിധം ടേക്ക് എ ബ്രേക്ക് പരിപാലിക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ടേക്ക്-എ-ബ്രേക്ക് നിർമ്മാണം – ആദായ നികുതി ഈടാക്കിയതിൽ കുറവ്

| | |
|---|---|
| പ്രോജക്ട് | ടേക് എ ബ്രേക്ക് (പ്രോ.നം.238/21, 163/22, 29/23) |
| അടങ്കൽ | ₹1000000 |
| കരാറുകാർ സ്ഥാപനം | റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റി ലി. |
| കരാർ നമ്പർ | 39/AE/LSGD/AYR/PW/21-22, Dtd.03.12.2021 |
| പ്രവൃത്തി മൂല്യം | ₹978565 |
| എം. ബുക്ക് നം. | 267/21-22, 267A/21-22 |
| ബിൽ നം., തീ. | 220509520133300597453/29.09.2022 (₹4785650)<br>220509520133300409364/30.07.22 (₹500000) |

2022-23 വർഷം ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള ടേക്ക്-എ-ബ്രേക്ക് ശുചിമുറി നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാറെടുത്ത സ്ഥാപനത്തിൽനിന്നും ആദായനികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്. ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം മരാമത്ത് പ്രവൃത്തികൾ കരാറെടുക്കുന്ന വ്യക്തിഗത കരാറുകാർ 1% നിരക്കിലും, സ്ഥാപനങ്ങൾ 2% നിരക്കിലുമാണ് ആദായ നികുതി ഒടുക്കേണ്ടത്. ഈ പ്രവൃത്തിയുടെ കരാറെടുത്തിരുന്നത് റാന്നി താലൂക്ക് ലേബർ കോൺട്രാക്ട് കോ.ഓ.സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനമാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 978565രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ട് (GSTകോമ്പൻസേഷൻ ഉൾപ്പടെ). പ്രവൃത്തിയുടെ ബില്ലിൽനിന്നും ആദായനികുതി ഇനത്തിൽ 9786 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ബിൽ തുകയുടെ 2% ആയ 19571 രൂപ ഈടാക്കേണ്ട സ്ഥാനത്താണ് ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നത്. ഈ ഇനത്തിൽ 9785 രൂപയുടെ നഷ്ടം സർക്കാർ ഫണ്ടിനുണ്ടായി. കരാർ കമ്പനിയ്ക്ക് അനർഹമായി അത്രയും തുക അധികം ലഭിക്കുകയും ചെയ്തു.

ഈ വിഷയത്തിൽ നൽകിയ 26/27.09.2023 ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി ഈടാക്കിയ ആദായനികുതി ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ അല്ലാത്ത പക്ഷം തുക കുറവായി ഈടാക്കിയ അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 1-29 ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോ.നം. , പ്രോജക്ടിന്റെ പേര് | 104/23, മുറ്റത്തൊരു മീൻ തോട്ടം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

പ്രോജക്ടിന്റെ ഭാഗമായി മീൻകുളം നിർമ്മിക്കുന്നതിന് 8000 രൂപ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയട്ടുണ്ട്. എന്നാൽ ടിയാളുകൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ അംഗീകരിക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | BRN നമ്പർ/ തീയതി |
|---|---|---|---|
| 1. | സി എം മാത്യു<br>വലിയ<br>ചെമ്പോത്രയിൽ<br>അയിരൂർ | 8000 | 220509520175012898 65<br>തീയതി 04/03/2023 |
| 2. | തോമസ്സ്<br>കളീക്കൽ<br>അയിരൂർ നോർത്ത് | 8000 | |
| 3. | തോമസ്സ് സഖറിയ<br>പനച്ചത്ര കോട്ടയിൽ<br>അയിരൂർ | 8000 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.17/26.09.2023) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭയിൽ വച്ച് സാധൂകരണം നേടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ വ്യക്തികൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 24000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 സബ്സിഡി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയതിനുശേഷം പണി പൂർത്തിയാക്കിയിട്ടില്ല.

### (1) ലൈഫ് ഭവന പദ്ധതി (ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ഗുഡുക്കളുടെ എണ്ണം | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി | റിമാർക്ക് |
|---|---|---|---|---|---|
| 1 | ശ്രീമതി ഉഷ (GEN) ആലപ്പാട്ട്, വെള്ളിയറ | 1-ാം ഗഡു | 40000 | 05/07/18 | പണി ആരംഭിച്ചിട്ടില്ല |
| 2 | ലില്ലിക്കുട്ടി (GEN) പുത്തൻപറമ്പിൽ വെള്ളിയറ | 1-ഗഡു<br>2-ഗഡു | 40000<br>160000 | 09/12/21<br>29/01/22 | ഭിത്തിനിരപ്പ് പണി പൂർത്തിയായി |
| 3 | രാജമ്മ (SCP) മലമ്പാറ കാഞ്ഞീറ്റുകര | 1-ഗഡു<br>2-ഗഡു | 40000<br>160000 | 22/02/22<br>16/10/22 | അടിത്തറ നിർമ്മാണം പൂർത്തിയാക്കി |

(2) **<u>ടോയ്‌ലറ്റ് റിട്രോഫിറ്റ് (പ്രോജക്റ്റ് നം.62/23)</u>**

ടോയ്‌ലറ്റ് റിട്രോഫിറ്റിന് PBIG ഫണ്ട് 5000 രൂപയും, CFC ഗ്രാന്റ് 4240 രൂപയും ഉൾപ്പെടെ ആകെ 9240 രൂപ സബ്സിഡി വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ഗുഡുക്കളുടെ എണ്ണം | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ഓമന സുകുമാരൻ പഴയിരേത്ത്, അയിരൂർ | 1-ഗഡു | 5000 | 15/03/22 |
| 2 | ശാന്തമ്മ ഒറ്റതെങ്ങുംകാലായിൽ, കാഞ്ഞേറ്റുകര (വാർഡ് - XIV) | 1-ഗഡു | 5000 | 05/03/22 |

പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയതിനുശേഷം പണി പൂർത്തിയാക്കാത്ത ടി ഗുണഭോക്താക്കൾ പണി പുർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം അവർ കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## <u>1-31 തുക നിക്ഷേപിച്ചു - മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല</u>

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടുണ്ട്. മുൻകൂർ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോ.നമ്പർ, പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | ലഭ്യമാകാനവശേഷിക്കുന്ന മരുന്നുകളുടെ വില | പ്രഫോർമാ ഇൻവോയിസ് നമ്പർ, തീയതി | BRNനമ്പർ/തീയതി |
|---|---|---|---|---|---|
| 1. | 22, , പാലിയേറ്റീവ് കെയർ പദ്ധതി | 230000 | 202684 | PRF 5270, 13.03.2023 | 22050952012701533738, 28/03/2023 |
| 2. | 182 , ഗുരുതര രോഗികൾക്ക് ജാവൻ രക്ഷാ മരുന്നുകൾ വാങ്ങൽ | 150000 | 34326 | PRF PRF 2835, 08/12/2022 | 22050952012700980205, 30/12/2022 |

ജീവൻ രക്ഷാ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്ക് വിതരണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## <u>1-32 വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം - ചെറുകിട, നാമമാത്ര കർഷകർക്ക് അർഹമായ സബ്സിഡി മത സ്ഥാപനത്തിന് വിതരണം ചെയ്തു</u>

2022-23 സാമ്പത്തിക വർഷം സ്പിൽ ഓവറായി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം - സംയുക്ത പദ്ധതിയുടെ ഭാഗമായി 5 വ്യക്തിഗത ഗുണഭോക്താക്കൾക്കും, ഒരു സ്ഥാപനത്തിനുമായി 220075 രൂപ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. ജില്ല, ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. ജി.ഐ. ചെയിൻ ലിങ്കും, ജി.ഐ. പൈപ്പും ഉപയോഗിച്ച് ഒരു മീറ്റർ

വേലി നിർമ്മിക്കുന്നതിന് ജില്ലാ തലത്തിൽ നിശ്ചയിച്ച യുണിറ്റ് കോസ്റ്റായ 1028/M-ന്റെ 50 ശതമാനമാണ് സബ്സിഡിയായി വിതരണം ചെയ്തത്.

ചെറുകിട/നാമമാത്ര കർഷകർ, പാട്ടകൃഷിക്കാർ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ/സ്വയംസഹായ സംഘങ്ങൾ മുതലായവർക്കാണ് കാർഷിക പദ്ധതിയുടെ ഭാഗമായി സബ്സിഡി വിതരണം ചെയ്യുന്നതിന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാർഷിക പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങൾക്ക് സബ്സിഡി ആനുകൂല്യം വിതരണം ചെയ്യുന്നതിന് വ്യവസ്ഥയില്ല. എന്നാൽ ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം വിതരണം ചെയ്തിട്ടുള്ള 220075 രൂപയിൽ 50000 രൂപ കൈപ്പറ്റിയിട്ടുള്ളത് മാർത്തോമാ സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ജെ.എം.ഹോളിസ്റ്റിക്ക് ഡവലപ്പ്മെന്റ് സെന്റർ എന്ന സ്ഥാപനമാണ്. വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 114 മീറ്റർ വേലി നിർമ്മിക്കുന്നതിന് 117192 രൂപയാണ് സ്ഥാപനം ചെലവഴിച്ചത്. ഇതിന്റെ അമ്പത് ശതമാനം തുക കണക്കാക്കി സബ്സിഡി 50000രൂപയിൽ പരിമിതപ്പെടുത്തിയാണ് ആനുകൂല്യം വിതരണം ചെയ്തത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഫാ.റവ.സ്കറിയ വി.എസ്. എന്ന പുരോഹിതന്റെ പേരാണ് ഉൾപ്പെടുത്തിയിരുന്നത്. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഇദ്ദേഹത്തെ കൂടാതെ മറ്റ് 53 പേർ കൂടി ഉൾപ്പെട്ടിരുന്നു. അപേക്ഷയൊടൊപ്പം ഹാജരാക്കിയിട്ടുള്ള കരം രസീതിൽനിന്നും അയിരൂർ ജെ.എം.ഹോളിസ്റ്റിക്ക് ഡവലപ്പ്മെന്റ് സെന്ററിനുവേണ്ടി തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയാണ് സംരക്ഷണവേലി നിർമ്മിച്ച വസ്തുവിന്റെ കരം ഒടുക്കിയിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡി ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്.

| ട്രഷറി ബിൽ നം., തീ. | തുക |
|---|---|
| 2205095201300147291 5/25.03.23 | 15000 |
| 2205095201300140767 9/20.03.23 | 15000 |
| 2205095201300154746 2/28.03.23 | 20000 |
| ആകെ | 50000 |

ചെറുകിട/നാമമാത്ര കർഷകരെ ഉദ്ദേശിച്ച് ആവിഷ്കരിച്ച പദ്ധതിയുടെ ആനുകൂല്യം മേൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്ഥാപനത്തിന് നൽകിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/29.09.23) കൃഷി ഓഫീസർ നൽകിയ മറുപടിയിൽ സബ്സിഡി തുക മാറി നൽകിയിരിക്കുന്നത് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഫാ. റവ. സ്കറിയ വി.എസ്. എന്ന പുരോഹിതനാണെന്നും, ടിയാൻ ഡയറക്ടറും, ടിയാന്റെ പേര് ഉൾപ്പെടുന്നതുമായ ജെ.എം. ഹോളിസ്റ്റിക് ഡെവലപ്പ്മെന്റിന്റെ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക മാറി നൽകിയിരിക്കുന്നതെന്നും വിശദീകരിച്ചു. ജെ.എം. ഹോളിസ്റ്റിക് സെന്ററിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് കൃഷിയിടത്തിൽ ചെയിൻ ലിങ്ക് ഉപയോഗിച്ചുള്ള വേലി നിർമ്മിച്ചതായും, ടി കൃഷിയിടത്തിൽ പച്ചക്കറി, വാഴ കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ വിളകൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്തു വരുന്നതായും മറുപടിയിൽ വ്യക്തമാക്കി. പ്രോജക്ടിന്റെ ആനുകൂല്യം ടി സ്ഥാപനത്തിന് നൽകിയത് കൊണ്ട് പഞ്ചായത്തിലെ കൃഷി സംരക്ഷണത്തിനും, ടി സ്ഥാപനത്തിലെ 50-ഓളം വരുന്ന അന്തേവാസികൾക്ക് വിഷ രഹിത പച്ചക്കറികൾ ഉത്പാദിപ്പിച്ചു സ്വയം പര്യാപ്തത കൈവരിക്കാനും സാധിച്ചുവെന്നും മറുപടിയിൽ കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്.

എന്തുതന്നെയായാലും, ചെറുകിട/നാമമാത്ര കർഷകരെ ഉദ്ദേശിച്ച് ആവിഷ്കരിച്ച പ്രോജക്ടിന്റെ ആനുകൂല്യം മേൽപറഞ്ഞ പ്രകാരമുള്ള ഒരു മത സ്ഥാപനത്തിന് നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഗുണഭോക്തൃലിസ്റ്റിൽ ഒട്ടനവധി വ്യക്തിഗത ഗുണഭോക്താക്കൾ ഉണ്ടായിരിക്കെയാണ് പദ്ധതിയുടെ ആനുകൂല്യം ടി സ്ഥാപനത്തിന് നൽകിയത്. പ്രോജക്ട് സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുസൃതമാണെന്നും, പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ സബ്സിഡി ലഭിക്കുന്നതിന് അർഹരാണെന്നും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണ ചുമതല വഹിച്ച കൃഷി ഓഫീസർക്ക് ഉത്തരവാദിത്തമുണ്ട്. മേൽ പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 50000 ഓഡിറ്റിൽ നിരാകരിക്കുന്നു.

കൃഷി ഓഫീസറുടെ വിശദീകരണം മുൻനിർത്തി, ചെലവിന് *വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ* സമിതിയിൽനിന്നും സാധൂകരണം വാങ്ങി നിരാകരണം ഒഴിവാക്കേണ്ടതാണ്. കോ-ഓർഡിനേഷൻ സമിതി ചെലവിന് സാധൂകരണം നൽകാത്തപക്ഷം നിരാകരിച്ച സബ്സിഡി ഉത്തരവാദിയായ കൃഷി ഓഫീസറിൽനിന്നും ഈടാക്കേണ്ടതാണ്.

## 1-33 കരാർ കാലയളവിനുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച്

നൽകാവുന്നതാണ്. ഇപ്രകാരം പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകേണ്ടതും, കരാർ കാലാവധി നീട്ടികൊടുക്കുമ്പോൾ അനുബന്ധ കരാർ (Supplementary Agreement) വയ്ക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അവർക്ക് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് എന്ന നിലയിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | പൂർത്തിയാക്കിയ തീയതി | കാലതാമസം (ആഴ്ചയിൽ) | ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജ് |
|---|---|---|---|---|---|
| 1. | 206/22 (44/23) - അയിരൂർ ഗ്രാമപഞ്ചായത്തിലെ കാലവർഷക്കെടുതിയിൽ തകർന്നുപോയ പഞ്ചായത്ത് റോഡുകളുടെ നവീകരണം<br>അടങ്കൽ - 88079<br>കരാറുകാരൻ - ശ്രീ രഞ്ജിത് ചന്ദ്രൻ<br>കരാർ നം. 72/AE/LSGD/AYR/PW/21-22, Dtd. 26/03/2022<br>കരാർ തുക (PAC) – 77732.19<br>കരാർ കാലയളവ് - 90 ദിവസം<br>പ്രവൃത്തി മൂല്യം - 80382<br>എം.ബുക്ക് നം. 309/22-23<br>ബിൽ നം., തീ-22050952013301377563/16.3.23 | 25/06/2022 | 16/02/2023 | 33 | 2565 |
| 2 | 210/22 (45/23) - അയിരൂർ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള സ്കൂളുകൾക്ക് മെയിൻറനൻസ് റാമ്പ് നിർമ്മാണം<br>അടങ്കൽ - 269000<br>കരാറുകാരൻ - ശ്രീ സുനിൽകുമാർ റ്റി.ആർ.<br>കരാർ നം. 74/AE/LSGD/AYR/PW/21-22, Dtd. 26/03/2022<br>കരാർ തുക (PAC) – 269000<br>കരാർ കാലയളവ് - 90 ദിവസം<br>പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി - 25.06.2022<br>പ്രവൃത്തി പൂർത്തിയാക്കിയ തീയതി - 16.11.2022<br>പ്രവൃത്തി മൂല്യം - 269012<br>എം.ബുക്ക് നം. 300/21-22<br>ബിൽ നം., തീ.-22050952013300982390/ 31.12.22 | 25/06/2022 | 16/11/2022 | 20 | 5380 |
| 3 | 139/22 (41/23) - എംസിഎഫ് നിർമ്മാണം<br>അടങ്കൽ - 1175140 | 13.07.2022 | 21.01.2023 | 27 | 24265 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ സുനിൽകുമാർ റ്റി.ആർ.<br>കരാർ നം. 64/AE/LSGD/AYR/PW/21-22, Dtd. 14/03/2022<br>കരാർ തുക (PAC) – 898712<br>കരാർ കാലയളവ് - 120 ദിവസം<br>പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി - 13.07.2022<br>പ്രവൃത്തി പൂർത്തിയാക്കിയ തീയതി - 20.01.2023<br>പ്രവൃത്തി മൂല്യം - 844771<br>എം.ബുക്ക് നം. 301/21-22<br>ബിൽ നം., തീ.-22050952013301377536/ 16.3.23 | | | | |
| 4 | 232/20 (26/23) - 4-ാം വാർഡിലെ 125-ാംനമ്പർ അംഗനവാടി കെട്ടിട നിർമ്മാണം<br>അടങ്കൽ - 1450000<br>കരാറുകാരൻ - ശ്രീ കെ.വി. രവീന്ദ്രൻനായർ<br>കരാർ നം. 53/AE/LSGD/AYR/PW/19-20, Dtd. 09/12/2019<br>കരാർ തുക (PAC) – 1387650<br>കരാർ കാലയളവ് - 180 ദിവസം<br>പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി - 06.06.2020<br>പ്രവൃത്തി പൂർത്തിയാക്കിയ തീയതി - 24.03.2022<br>പ്രവൃത്തി മൂല്യം - 1152580<br>എം.ബുക്ക് നം. 74/19-20<br>ബിൽ നം., തീ.-22050952013301216798/ 21.2.23 | 06/06/2020 | 24/03/2022 | 93 | 129051 |
| | ആകെ | | | | 161261 |

പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാണിച്ചിരിക്കുന്ന പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## <u>1-34 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അപാകങ്ങൾ</u>

2022-23 വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

(1) **<u>പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച; ഫണ്ട് ലാപ്സാകുന്നു</u>**

2022-23-ലെ വാർഷിക പദ്ധതിയിൽ 51 പുതിയ പ്രോജക്ടുകളും, 29 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പടെ ആകെ 80 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 849000 അടങ്കലുള്ള മൂന്ന് സ്പിൽ ഓവർ പ്രോജക്ടുകളും, 6795243 രൂപ അടങ്കലുള്ള 16 പുതിയ പ്രോജക്ടുകളും തൻവർഷം നടപ്പാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രോജക്ടുകൾക്ക് വകയിരുത്തിയ സർക്കാർ ഗ്രാന്റുകൾ വലിയ തോതിൽ ലാപ്സായി.

പ്രാദേശിക സർക്കാരുകൾക്ക് സർക്കാർ അനുവദിക്കുന്ന വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമേ ക്യാരി ഓവർ ചെയ്യാൻ

അനുവദിക്കുകയുള്ളൂ. ഓഡിറ്റ് വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയിരുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 68.55 ശതമാനവും, റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ 75.24 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2023-24 വർഷം മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ പഞ്ചായത്തിന് ക്യാരിഓവർ വിഹിതമായി തുകയൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ ചെലവഴിക്കാതിരുന്ന മെയിന്റൻസ് ഗ്രാന്റ് തുകകൾ പൂർണ്ണമായും പഞ്ചായത്തിന് നഷ്ടമായി. ലാപ്സായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

<u>ലാപ്സാക്കിയ ഫണ്ടിന്റെ വിവരം വിശദാംശം</u>

| ഫണ്ടിനം | ലാപ്സാക്കിയ തുക |
|---|---|
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 1283423 |
| റോഡ് മെയിന്റനൻസ് ഗ്രാന്റ് | 2484100 |
| ആകെ | 3767523 |

2022-23-ലെ വാർഷിക പദ്ധതിയ്ക്ക് വർഷാരംഭത്തിന് മുമ്പായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചെങ്കിലും 29.11.22-ൽ മാത്രമാണ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം വർഷാന്ത്യത്തിലേക്ക് വലിച്ചിഴച്ചു. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിക്കാതെ ഫണ്ട് ലാപ്സാക്കിയത് വീഴ്ചയാണ്.

(2) **<u>ഫയലുകളും, രേഖകളും സൂക്ഷിക്കുന്നതിൽ വീഴ്ച</u>**

പ്രോജക്ട് ഫയലുകളും, രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ സ്കെച്ച് എന്നിവ എല്ലാ ഫയലുകളിലും ലഭ്യമാക്കിയിരുന്നില്ല. കൂടാതെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ, കംപ്ലീഷൻ റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ മിക്ക ഫയലുകളിലും സൂക്ഷിച്ചിരുന്നില്ല. ഫൈനൽ ബിൽ കോപ്പിയും, ട്രഷറി ബിൽ പകർപ്പും പ്രോജക്ട് ഫയലിൽ സൂക്ഷിക്കാതെ പ്രത്യേകം സൂക്ഷിച്ചത് പരിശോധന ദുഷ്കരമാക്കി. ടെണ്ടർ രജിസ്റ്ററിലെയും, എഗ്രിമെന്റ് രജിസ്റ്ററിലേയും കോളങ്ങളിലും (Estimate Amout, PAC, Amount Of Security, Penalty For Breach Of Contract, Dagte Of Signing Contract, Agreed Date Of Completion, Remaks) രേഖപ്പെടുത്തലുകൾ വരുത്തുകയോ അസി.എഞ്ചിനീയർ അവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിരുന്നില്ല.

ഫയൽ സൂക്ഷിപ്പിൽ അപാകതയുണ്ട്. ലഭിച്ച ടെണ്ടറുകൾ ടാബുലേറ്റ് ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരുമായി മുദ്രപത്രത്തിൽ കരാർ ചമയ്ക്കുമ്പോൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല. ഉദാഹരണമായി പ്രവൃത്തി പൂർത്തീകരണ കാലയളവ് എഗ്രിമെന്റിൽ വ്യക്തമാക്കുന്നില്ല. ജാമ്യ നിക്ഷേപമായി ഈടാക്കിയിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിന്റെ വിശദാംശം ഉൾപ്പെടുത്തുന്നില്ല. എഗ്രിമെന്റിൽ അസി.എഞ്ചിനീയറും, സാക്ഷികളും കൈയ്യൊപ്പിട്ട് ആധികാരികമാക്കുന്നില്ല. സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ, പൂർത്തീകരണ സർട്ടിഫിക്കറ്റ്, മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ മിക്ക ഫയലുകളിലും ലഭ്യമാക്കിയിട്ടില്ല.

അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ റോഡ് ആസ്തികളുടെ യുണീക് നമ്പർ ചേർക്കാത്തതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുനരുദ്ധാരണം നടത്തുന്ന റോഡുകൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോയെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും, ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-35 പരേതരുടെ പേരിൽ ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നു.</u>

മരണമടയുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ പഞ്ചായത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണമടഞ്ഞ 7 പെൻഷൻകാർക്ക് അവരുടെ മരണശേഷവും പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി വ്യക്തമായി. പരിശോധനയിൽ കണ്ടെത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പെൻഷൻ ID | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ, തീയതി | ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | കാലയളവ് |
|---|---|---|---|---|---|---|---|
| 1 | ജോൺ ചോതി 3/356, ഈറക്കൽ, | 103840201436 | വാർദ്ധക്യകാല പെൻഷൻ | 15/09/2022 | 161/2022 14/10/2022 | 16000 | 09/22 - 06/23 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വെള്ളിയറ, അയിരൂർ, | | | | | | |
| 2 | പൊന്നമ്മ ഗോപാലൻ 1/295, നെല്ലിമൂട്ടിൽ, കടയാർ, അയിരൂർ, തടിയൂർ | 103840201950 | വാർദ്ധക്യകാല പെൻഷൻ | 15/02/2022 | 181/2022 21/11/2022 | 27200 | 02/22 - 06/23 |
| 3 | സരോജിനി 11/456, ചരുവിൽ വീട്, കോറ്റാത്തൂർ, അയിരൂർ | 103840201326 | വാർദ്ധക്യകാല പെൻഷൻ | 23/08/2020 | 94/2020 24/09/2020 | 55900 | 08/20 - 06/23 |
| 4 | ഓ.എസ്. ജേക്കബ് 8/45, ഓതറേത്ത്, ഇടപ്പാവൂർ, അയിരൂർ | 103840201852 | വാർദ്ധക്യകാല പെൻഷൻ | 03/02/2020 | 116/2020 17/02/2020 | 62200 | 02/20 - 06/23 |
| 5 | തങ്കമ്മ 4/235, മടുക്കോലിൽ വീട്, പ്ലാങ്കമൺ, അയിരൂർ നോർത്ത്, വെള്ളിയറ | 103840500020 | അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 31/05/2021 | 540/2021 08/06/2021 | 41600 | 05/21 - 06/23 |
| 6 | തങ്കമ്മ 8/196, വലിയവീട്ടിൽ, ഇടപ്പാവൂർ, അയിരൂർ | 103840201113 | വാർദ്ധക്യകാല പെൻഷൻ | 28/03/2020 | 203/2020 18/04/2020 | 61000 | 03/20 - 06/23 |
| 7 | ശോശാമ്മ 4/392, എരിച്ചിമാങ്കൽ, മുക്കുഴി ചിരട്ടോലിൽ തടം, വെള്ളിയറ | 10380200170 | വാർദ്ധക്യകാല പെൻഷൻ | 08/04/2023 | 194/2023 16/05/2023 | 4800 | 04/23 - 06/23 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മരണം പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസംതന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽനിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്.)നം.972020/ധന., തീ. 23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ലെന്നാണ് കണ്ടത്.

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾ മരണപ്പെട്ട് പോയിട്ടുള്ളവരാണെന്ന് വാർഡ് തല അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഇവരുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനും മരണശേഷം ഇവരുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്ത തുക തിരികെ അടവാക്കുന്നതിനും നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 1, 5, 7 ആയി ഉൾപ്പെടുത്തിയിട്ടുള്ളവരുടെ അക്കൗണ്ടിൽ മരണശേഷം ക്രഡിറ്റ് ചെയ്ത മുഴുവൻ തുകയും, ക്രമനമ്പർ 4, 6 ആയി ഉൾപ്പെടുത്തിയിട്ടുള്ളവരുടെ അക്കൗണ്ടിൽ മരണശേഷം

അധികമായി ക്രഡിറ്റായ തുകയിൽ യഥാക്രമം 34771 രൂപയും, 49981 രൂപയും കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കി ആയതിന്റെ UTR നമ്പർ സേവന പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. അവശേഷിക്കുന്ന 121548 രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നടത്തിയ പ്രാഥമീക പരിശോധനയിൽ കണ്ടെത്തിയവരുടെ വിവരങ്ങളാണ് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. വിശദമായ പരിശോധനയിലൂടെ മാത്രമേ മരണമടഞ്ഞ എത്രപേർ നിലവിൽ പഞ്ചായത്തിന്റെ പെൻഷൻ ലിസ്റ്റിൽ ഗുണഭോക്താക്കളായി തുടരുന്നുണ്ടെന്ന് വ്യക്തമാകുകയുള്ളൂ. വിശദമായ പരിശോധന നടത്തി മരണപ്പെട്ടവരും, അനർഹരുമായ എല്ലാ പെൻഷൻ ഗുണഭോക്താക്കളെയും സേവന പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല; പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാനുള്ളത് 1.13ലക്ഷം രൂപ

പഞ്ചായത്തിൽ ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലൂടെയാണ് ഇ-ടെണ്ടർ ഫീസ് പിരിച്ചെടുത്തിട്ടുള്ളത്. ഇപ്രകാരം പിരിച്ചെടുത്ത 113223 രൂപ ഓഡിറ്റ് തീയതിവരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്തിന് വകമാറ്റി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പിരിച്ചെടുത്ത തുക |
|---|---|
| 2017-18 | 8850 |
| 2018-19 | 7510 |
| 2019-20 | 14857 |
| 2020-21 | 54121 |
| 2021-22 | 9660 |
| 2022-23 | 18225 |
| ആകെ | 113223 |

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ വരവ് വന്ന തുകകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് വൈഷമ്യം നേരിടുന്നതിനാൽ 02-10-17-ലെ സ.ഉ.(സാധാ)നം.3186/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എസ്.ബി.ഐ യിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി. സർക്കാർ നിർദ്ദേശം പാലിച്ച് പഞ്ചായത്തിൽ ഇ-ടെണ്ടർ ആവശ്യത്തിന് അക്കൌണ്ട് ആരംഭിക്കാതിരുന്നത് വീഴ്ചയാണ്. എത്രയും വേഗം അക്കൌണ്ട് ആരംഭിക്കുന്നതിനും IKM-ആയി ബന്ധപ്പെട്ട് അക്കൌണ്ട് ഇ-ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ കാണിച്ചിരിക്കുന്ന പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ വരവ് ചേർത്തിട്ടുള്ള തുക തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-37 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കു വരുത്തിയില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ കുറവ് ചെയ്ത തുക ഒടുക്ക് വരുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികളുടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൃത്യമായി ഒടുക്കുന്നില്ല എന്ന് വിജിലൻസ് വകുപ്പ് സർക്കാറിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ അന്തിമ ബില്ല് നൽകുന്നതോടൊപ്പം തന്നെ ആയത് ഒടുക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 01/01/21-ലെ ഇ21/11366/സി.ഇ/എൽ.ഐ.ഡി.& ഇ.ഡബ്ല്യൂ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഒടുക്കുവാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിനായി വകയിരുത്തിയ ഫണ്ടിനം | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ഒടുക്കേണ്ട തുക |
|---|---|---|
| 2021-2022 | തനത് ഫണ്ട് | 63409 |
| 2021-22 & 2022-23 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 41176 |
| ആകെ | | 104585 |

വാർഷിക കണക്കിൽ ഈ തുക ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുമില്ല. ഈ വിഷയത്തിൽ വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. തുക അടിയന്തിരമായി ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-38 തെറ്റായ ബാങ്ക് അക്കൗണ്ടിൽ തുക ഒടുക്കി- വാട്ടർ ചാർജ് കുടിശ്ശിക കുറവ് ചെയ്യാനുള്ളത് 49.96 ലക്ഷം രൂപ

സ്ട്രീറ്റ് ടാപ്പുകളുടെ കുടിവെള്ളക്കരം കുടിശ്ശിക ഒടുക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ട് (1/2023)പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1996500 രൂപ പിൻവലിച്ചിട്ടുണ്ട്(20/11/2022). ഈ തുക വാട്ടർ അതോറിറ്റി തിരുവല്ല പി.എച്ച്. ഡിവിഷന്റെ 3922000110130637 നം.അക്കൗണ്ടിലേയ്ക്കാണ് (IFSC Code PUNB0392200) അക്കൗണ്ട് ട്രാൻസ്ഫർ നടത്തിയതായി കാണിച്ചിരിക്കുന്നത്(ബാങ്ക് സാക്ഷ്യപ്പെടുത്തിയ രേഖകളില്ല). എന്നാൽ വാട്ടർ ചാർജ് വാട്ടർ അതോറിറ്റിയുടെ 67228671189 നം.അക്കൗണ്ടിലേയ്ക്കാണ് (IFSC Code-SBIN0070094) അടവാക്കേണ്ടിയിരുന്നത്. ഈ തുക വാട്ടർ അതോറിറ്റി കൈപ്പറ്റിയതായുള്ള രേഖകളില്ല. വാട്ടർചാർജ് കുടിശ്ശികയിൽ ഈ തുക കുറവ് ചെയ്തിട്ടുമില്ല. മുൻ വർഷങ്ങളിലും പ്രോജക്ട് പ്രകാരം വാട്ടർ ചാർജ് ഒടുക്കിയതും തെറ്റായ അക്കൗണ്ടിൽ ആയതിനാൽ കുടിശ്ശിക കുറവ് ചെയ്തിട്ടില്ല. പ്രോജക്ട് പ്രകാരം കുടിവെള്ളക്കരം ഒടുക്കിയിതന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഫണ്ടിനം | ഒടുക്കിയ തുക |
|---|---|---|
| 2020-21 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 15,00,000 |
| 2021-22 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 5,00,000 |
| 2021-22 | ധനകാര്യ കമ്മീഷൻ(ടൈഡ് ഗ്രാന്റ്) | 10,00,000 |
| 2022-23 | ധനകാര്യ കമ്മീഷൻ(ടൈഡ് ഗ്രാന്റ്) | 19,96,500 |
| | ആകെ | 49,96,500 |

9/2023-ൽ നിലവിലുള്ള വാട്ടർ ചാർജ് കുടിശ്ശിക 1.79 കോടി രൂപയാണ്. ഗ്രാമപഞ്ചായത്ത് പ്രതിമാസ വാട്ടർ ചാർജ് ഒടുക്കുവാൻ തുടങ്ങിയത് 12/2023 മുതലാണ്. ഈ തുകയും തെറ്റായ അക്കൗണ്ടിലാണ് ഒടുക്ക് വരുത്തിക്കൊണ്ടിരുന്നത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ വിഷയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നും അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുന്നതാണന്നും മറുപടി നൽകിയിട്ടുണ്ട്. വിശദാംശം കേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേുണ്ടതാണ്.

## 1-39 വാഹനത്തിന്റെ ഉപയോഗം- അപാകതകൾ

ഗ്രാമപഞ്ചായത്ത് വക KL62E 1116 ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) യാത്ര ചെയ്ത വ്യക്തിയുടെ ഒപ്പ് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

2) 03/09/20-ൽ മൈലേജ് ടെസ്റ്റ് നടത്തിയതിന് ശേഷം 20/04/23-ൽ ആണ് മാവേലിക്കര പി.ഡബ്ലൂ.ഡി. മെക്കാനിക്കൽ ഡിവിഷനിൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിരിക്കുന്നത്. പരിശോധനാ റിപ്പോർട്ട് പ്രകാരം വാഹനത്തിന്റെ മൈലേജ് 13KMPL ആണ്. എന്നാൽ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല. ഇന്ധനം നിറയ്ക്കുന്നതിനേപ്പറ്റിയും അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല.

3)തൻമാസത്തെ ഇന്ധന ഉപഭോഗത്തെപ്പറ്റിയും യാത്ര ചെയ്ത ദൂരത്തെപ്പറ്റിയുമുള്ള സംക്ഷിപ്തക്കുറിപ്പ് ഓരോ മാസത്തേയും അവസാന ദിവസം രേഖപ്പെടുത്തുന്നതിൽ അവ്യക്തതയുണ്ട്. 20/04/23-ലെ പരിശോധനാ റിപ്പോർട്ട് പ്രകാരം 13 KMPL മൈലേജുണ്ടെന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിലും ഇന്ധന ഉപഭോഗം സംബന്ധിച്ച ഡ്രൈവറുടെ രേഖപ്പെടുത്തൽ പ്രകാരം 31/12/22-ലെ മൈലേജ് 9.74KMPL, 31/01/23-ലേത് 10KMPL എന്നിങ്ങനെയാണ്. ഇപ്രകാരം അധിക അളവിൽ ഇന്ധനം ഉപയോഗിക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടക്കുന്നില്ല.

4) വാഹനത്തിന്റെ ക്ലച്ച് ഫ്ലൂയിഡ് ലീക്കുണ്ടെന്നും റിലീസ് കിറ്റ്, സ്ലീവ് സിലിണ്ടർ & കണക്ടർ എന്നിവ തകരാറിലായതിനാൽ 38921 രൂപയുടെ മേജർ അറ്റകുറ്റപ്പണി 6/8/22-ൽ ചെയ്തിട്ടുണ്ട്. വാഹനം വാങ്ങി 3 വർഷത്തിനകം തന്നെ ഇത്തരത്തിലുള്ള വലിയ അറ്റകുറ്റപ്പണികൾ വേണ്ടി വരുന്നു.

4)ഔദ്യോഗിക വാഹനത്തിന്റെ നിയന്ത്രണ അധികാരിയല്ലാത്തവർ യാത്ര ചെയ്യുമ്പോൾ അനുമതി പത്രം സൂക്ഷിക്കുന്നില്ല

24/06/19-ൽ വാങ്ങി കേവലം 4 വർഷത്തിനകം വാഹനം മോശം അവസ്ഥയിലേയ്ക്ക് എത്തിയെന്നത് ഗൗരവകരമാണ്. ഈ വിഷയത്തിൽ അടിയന്തിര ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 മാനവ മൈത്രി ചതയ ജലോത്സവം-പ്രോജക്ട് ചെലവിന് സർക്കാർ അനുമതി ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചിങ്ങമാസത്തിലെ ചതയം നാളിൽ നടത്തിയ മാനവ മൈത്രി ചതയ ജലോത്സവത്തിന്റെ നടത്തിപ്പിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 350000 രൂപ വകയിരുത്തി പ്രോജക്ട് (90/23)ആവിഷ്കരിക്കുകയും 314492 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്നും പ്രത്യേക അനുമതി ഉത്തരവ് വാങ്ങിയശേഷമാണ് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നത് എന്ന വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. സർക്കാരിൽ നിന്നും മുൻകൂർ അനുമതിയോ സാധൂകരണമോ

വാങ്ങിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 38) മറുപടി നൽകിയിട്ടില്ല. 2022-23, 2023-24 വർഷങ്ങളിൽ ഇപ്രകാരം പ്രോജക്ട് ആവിഷ്കരിച്ചുണ്ട്. സർക്കാരിൽ നിന്നും നാളിതുവരെ അനുമതി ലഭിക്കാത്തതിനാൽ ഈ വിഷയം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-41 പൊതുടാപ്പുകളുടെ വെള്ളക്കരം- ബാധ്യത 1.7കോടി രൂപ

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക 2023 സെപ്റ്റംബർ മാസത്തെ കണക്ക് അനുസരിച്ച് 17970232 രൂപയാണ്. വെള്ളക്കരം പ്രതിമാസം കൃത്യമായി ഒടുക്കാതിരുന്നതിനാലാണ് 2% നിരക്കിൽ പലിശയും, പിഴപലിശയും ചേർന്ന് ഇത്രയും കുടിശികയായത്. 2020-21 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 15ലക്ഷം രൂപയും 2021-22 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 5 ലക്ഷം രൂപയും ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റിൽ നിന്നും 10ലക്ഷം രൂപയും 2022-23 വർഷം ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റിൽ നിന്നും 15ലക്ഷം രൂപയും ഉൾപ്പടെ 45 ലക്ഷം രൂപ ഒടുക്കിയെങ്കിലും ആയത് കുടിശികയിൽ കുറവ് ചെയ്തിട്ടില്ല. 12/22 മുതൽ പ്രതിമാസ ഡിമാന്റ് തുകയും ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ടെങ്കിലും ആയതും കുറവ് ചെയ്തിട്ടില്ല. നിലവിലുള്ള കുടിവെള്ള പദ്ധതികൾ മുഖേനയും ജലജീവൻ മിഷൻ മുഖേനയും മിക്കവാറും എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകിയതിനാൽ മുഴുവൻ പൊതുടാപ്പുകളും പ്ലഗ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് 13/06/22-ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും തുടർ നടപടികളുണ്ടായിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കുടിവെള്ളക്കരം മാത്രമാണ് ഒടുക്കുന്നതെന്ന് ഉറപ്പാക്കാനും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 243 ടാപ്പുകളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. പ്രതിമാസ കുടിവെള്ള കരമിനത്തിൽ 225956 രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. 3/23 മുതൽ കുടിവെള്ളക്കരം 340147 രൂപയായി ഉയർന്നിട്ടുണ്ട്. തുക ഒടുക്കിയിട്ടും വാട്ടർ ചാർജ് കുടിശ്ശിക കുറവ് ചെയ്യാതിരുന്നതിൻമേൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതിമാസ കുടിവെള്ള ചാർജ് സമയബന്ധിതമായി ഒടുക്കേണ്ടതും ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി പലിശ/പിഴപ്പലിശ ഇളവ് വാങ്ങി, സർക്കാർ അനുമതിയോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് ബാധ്യത തീർപ്പാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം - ചെറുകിട, നാമമാത്ര കർഷകർക്ക് അർഹമായ സബ്സിഡി മത സ്ഥാപനത്തിന് വിതരണം ചെയ്തു

2022-23 സാമ്പത്തിക വർഷം സ്പിൽ ഓവറായി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം എന്ന പദ്ധതിയുടെ അനുകൂല്യം ജെ.എം. ഹോളിസ്റ്റിക്ക് ഡവലപ്പ്മെന്റ് സെന്റർ എന്ന ഒരു മതസ്ഥാപനത്തിന് നൽകി. വന്യമൃഗങ്ങളിൽനിന്നും കൃഷി സ്ഥലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ജി.ഐ. ചെയിൻ ലിങ്കും, ജി.ഐ. പൈപ്പും ഉപയോഗിച്ച് 114 മീറ്റർ വേലി നിർമ്മിക്കുന്നതിന് 117192 രൂപയാണ് സ്ഥാപനം ചെലവഴിച്ചത്. ഇതിന്റെ അമ്പത് ശതമാനം തുക കണക്കാക്കി സബ്സിഡി 50000രൂപയിൽ പരിമിതപ്പെടുത്തിയാണ് ആനുകൂല്യം വിതരണം ചെയ്തത്. ചെറുകിട/നാമമാത്ര കർഷകരെ ഉദ്ദേശിച്ച് ആവിഷ്കരിച്ച പ്രജക്ടിന്റെ ആനുകൂല്യം മേൽപറഞ്ഞ പ്രകാരമുള്ള ഒരു മതസ്ഥാപനത്തിന് നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഗുണഭോക്തൃലിസ്റ്റിൽ ഒട്ടനവധി വ്യക്തിഗത ഗുണഭോക്താക്കൾ ഉണ്ടായിരിക്കെയാണ് പദ്ധതിയുടെ അനുകൂല്യം ഒരു മതസ്ഥാപനത്തിന് നൽകിയത്. ചെലവ് ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഭാഗം 1-ൽ (ഖണ്ഡിക 1-32) ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (രൂപയിൽ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപയിൽ) | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022115/- | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | 2022115/- | ഠ |
| ബ്ലോക്ക് പഞ്ചായത്ത് | 896157/- | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | 896157/- | ഠ |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 123/23- അയിരൂർ ഗ്രാമപഞ്ചായത്തിലെ നവീകരിച്ച റോഡുകളിലെ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | 96506 | 96506 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2500670 | 0 | 996555 | | 1504115 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 162237 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 10140 |
| ആകെ | 172377/- |
| തൻവർഷം പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 172377/- |

### വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ദി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (കേരള ബാങ്ക്) | 23-11-2022 (പുതുക്കി നിക്ഷേപിച്ചത്) | 1 വർഷം | 172377/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 2-2 | 2006-07 | 0 | ജനറൽ പി ഡി അക്കൗണ്ടിൽ നിന്നും ചെലവഴിച്ച 15500 രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2000-01 | 2.4 | 2006-07 | 3.18.1(17) | വൗച്ചറുകൾ (19,405 രൂപയുടെ) ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2000-01 | 2.2 | 2006-07 | 3.18.1(17) | വൗച്ചറുകൾ, ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല രൂ. 15,500 | ,, |
| 2003-04 | 3-13 | 2006-07 | | എബ്രോയഡറി യൂണിറ്റുകൾ രൂപീകരിക്കാതെ തയ്യൽ മെഷീനുകൾ വാങ്ങി -നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൾ നടത്തി | ,, |
| 2013-14 & 2014-15 | 2.1 | 2016-17 | 2-1 (അനുബന്ധം-4) | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | ,, |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 109174701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110723435 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,50,000 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-32 | -- | 50,000 | ശ്രീമതി ധന്യ എ. കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2,50,000 | ശ്രീ സനൽകുമാർ ജി., സെക്രട്ടറി |
| **ആകെ** | | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ സനൽകുമാർ ജി., സെക്രട്ടറി | | പ്രണവം, ബാപ്പുജി നഗർ, പോങ്ങുംമൂട്, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം |
| 2 | ശ്രീ ധന്യ എ., കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, മല്ലപ്പള്ളി ബ്ലോക്ക് | നെടിയകാലായിൽ, കാരയ്ക്കാട് പി.ഒ., ചെങ്ങന്നൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 (ചെലവ്) | **ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് നം.** കെ.എസ്.എ.പി.റ്റി.എ.പി1-820(13)/22 തീയതി 17.09.2022 | 2 (2-2,2-4) |
| 2003-04 | ,, | 1 (3-13) |
| 2013-14 & 2014-15 | ,, | 2 (2-1,3-1) |
| 2015-16 | ,, | 1 (3-1) |
| 2016-17 | ,, | 3 (3-10(5), 3-12(2), 3-20) |
| 2019-20 | **റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് നം**നം. കെ.എസ്.എ.പി.റ്റി.എ.പി8-431/22 തീയതി 18.05.2022 | 3 1-18,1-19,1-24 |
| 2020-21 | **റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് നം.** നം. കെ.എസ്.എ.പി.റ്റി.എ.പി8-1357/22 തീയതി 03.04.2023 | 4 1-11, 1-13, 1-16, 1-22 |
| 2021-22 | **റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് നം.** നം. കെ.എസ്.എ.പി.റ്റി.എ. പി 8- 1409/2022 തീയതി 20.05.2023 | 17 1-11, 1-12, 1-13-1, 1-16, 1-18, 1-19, 1-20, 1-21, 1-25, 1-26, 1-27, 1-28, 1-29, 1-34, 1-36, 4-2, 4-7 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the AYIROOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of AYIROOR Grama Panchayat for the year 2022-2023

**Date: 10/11/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of AYIROOR Grama Panchayat for the Year 2022-2023.

### 1.Major Observations

1. valuation of land assets as per balance sheet is not complete. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
2. There are difference between the assets recorded in the previous year's balance sheet and the current year's advance

3.Non-Disclosure of liabilities such as water charge and KCWWF

### 2.Other Observations

The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash flow statement:- Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

**5**. Specific grants -accounting is not correct

6.Capital contribution- accounting is not accurate.

7.The annual summary under property tax in sanchaya software does not match with the corresponding figures in annual financial statement.

8. The entries in the deposit register are not complete.

9. Redemption amount recorded in Schedule B-15 is not accutate

10.Huge amount given to implementing agencies in advance are not yet adjusted.

11) Monthly Bank reconciliation statement not prepared

12) The accuracy of the amounts in the prior period heads is not ascertained

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്